01
ബുധൻ
ഫെബ്രുവരി 2023
1198 മകരം 18
Vo5 Issue No129

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

# ബി ജെ പി അടുത്ത തിരഞ്ഞെടുപ്പ് പ്രചാരണം ആരംഭിക്കുന്നത് രാഷ്ട്രപതിയിലൂടെ; വിമർശനവുമായി ശശി തരൂർ

**ന്യൂഡൽഹി:** പാർലമെന്റ് ബഡ്ജറ്റ് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ പ്രസംഗത്തെ വിമർശിച്ച് ശശി തരൂർ എം പി. ബി ജെ പി അടുത്ത തിരഞ്ഞെടുപ്പ് പ്രചാരണം ആരംഭിക്കുന്നത് രാഷ്ട്രപതിയിലൂടെയാണെന്നും അദ്ദേഹം വിമർശിച്ചു.

മോദി സർക്കാർ ചെയ്ത കാര്യങ്ങളൊക്കെ വാനോളം പുകഴ്ത്താൻ ശ്രമിച്ചുള്ള ഒരു തിരഞ്ഞെടുപ്പ് പ്രസംഗമാണ് രാഷ്ട്രപതിയുടെ ഭാഗത്തുനിന്നുണ്ടായത്. അതേസസമയം സർക്കാർ ചെയ്യാത്ത കാര്യങ്ങളെക്കുറിച്ച് രാഷ്ട്രപതി പരാമർശിച്ചിട്ടില്ലെന്നും തരൂർ പ്രതികരിച്ചു.

സർക്കാരിന്റെ നേട്ടങ്ങൾ അക്കമിട്ട് നിരത്തിയും യു പി എ സർക്കാരിനെ വിമർശിക്കുന്ന രീതിയിലുമായിരുന്നു രാഷ്ട്രപതി പ്രസംഗിച്ചത്. രാഷ്ട്രപതി ആയതിനുശേഷമുള്ള ദ്രൗപദി മുർമുവിന്റെ ആദ്യത്തെ പ്രസംഗമായിരുന്നു



ഇന്നത്തേത്. നോട്ട് നിരോധനം അടക്കമുള്ള കേന്ദ്രസർക്കാരിന്റെ നടപടികളെയെല്ലാം അവർ പ്രശംസിച്ചു.

# ഭൂമിയുടെ ശ്വാസകോശം സംരക്ഷിക്കാൻ ജർമനി; ആമസോൺ മഴക്കാടുകൾക്കായി 200 മില്യൺ യൂറോ വാഗ്ദാനം

ഭൂമിയുടെ ശ്വാസകോശമെന്നറിയപ്പെടുന്ന ആമസോൺ മഴക്കാടുകളുടെ സംരക്ഷണത്തിനായി പണം വാഗ്ദാനം ചെയ്ത് ജർമനി. 200 മില്യൺ യൂറോയുടെ സാമ്പത്തിക വാഗ്ദാനമാണ് ജർമനി ബ്രസീലിന് നൽകിയിരിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഏക്കറു കണക്കിന് വരുന്ന വനപ്രദേശമാണ് നശിച്ചത്. ബ്രസിലീന്റെ മുൻ പ്രസിഡന്റായ ജൈർ ബൊൽസൊനാരയുടെ ഭരണകാലയളവിൽ ഹെക്ചർ കണക്കിന് വരുന്ന വനപ്രദേശം നശിപ്പിക്കപ്പെട്ടിരുന്നു. ഇതിൽ 38 മില്യൺ യൂറോ ആമസോൺ ഫണ്ടിലേക്കുള്ള സംഭാവനയാണ്. ജർമൻ ചാൻസലർ ഷോൾസിന്റെ ബ്രസീൽ സന്ദർശത്തിനിടെയാണ് പ്രഖ്യാപനം.

15 വർഷത്തിനിടെയുണ്ടായ ഏറ്റവും വലിയ നാശമാണ് ആമസോൺ മഴക്കാടുകൾ ഇക്കഴിഞ്ഞ കാലയളവിൽ അഭിമുഖീകരിച്ചത്. വൻതോതിൽ വനനശീകരണം തുടർന്നതോടെ ജർമനി, നോർവേ തുടങ്ങിയ രാജ്യങ്ങൾ നൽകിയിരുന്ന ഫണ്ടും നിർത്തലാക്കിയിരുന്നു. തുടർന്ന് മറീന സിൽവ അധികാരത്തിലേറിയതോടെയാണ് ഫണ്ട് സംബന്ധിയായ പ്രവർത്തനങ്ങൾ വീണ്ടും പുനരാരംഭിച്ചത്. ആമസോൺ മഴക്കാടുകളുടെ സംരക്ഷണമാണ് തന്റെ പ്രധാന ലക്ഷ്യമെന്നും അധികാരത്തിലേറിയ സമയത്ത് മറീന പ്രതികരിച്ചിരുന്നു.



2030 ഓടെ വനനശീകരണത്തിന് പൂർണമായും തടയിടുമെന്ന് നിലവിലെ ബ്രസീൽ പ്രസിഡന്റായ ലുല ഡി സിൽവ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യയുടെ രണ്ടിരട്ടി വലിപ്പമുണ്ട് ആമസോൺ മഴക്കാടുകൾക്ക്.നാശം അഭിമുഖീകരിച്ച പ്രദേശങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി കുറഞ്ഞ പലിശയിൽ കർഷകർക്ക് വായ്പയും ജർമനി പ്രഖ്യാപിച്ചിട്ടുണ്ട്. മഴക്കാടുകളുടെ സംരക്ഷണത്തിനായി സംസ്ഥാനങ്ങൾക്ക് തുകയും ജർമനി അനുവദിച്ചിട്ടുണ്ട്.

# ഇന്ത്യ ഒന്നാമതായി തുടരും, കൊവിഡിനെ മറികടന്നു, പലിശനിരക്ക് ഇനിയും ഉയരുമെന്നും സാമ്പത്തിക സർവേ റിപ്പോർട്ട്

**ദില്ലി:** അടുത്ത സാമ്പത്തിക വർഷത്തിൽ (2023 24) രാജ്യം 6 മുതൽ 6.8 ശതമാനം വരെ വളർച്ച ഇന്ത്യനേടുമെന്ന് സാമ്പത്തിക സർവെ റിപ്പോർട്ട്. കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ റിപ്പോർട്ട് സഭയിൽ വെച്ചു. സാമ്പത്തിക വളർച്ചാ നിരക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ കുറയുമെന്നാണ് റിപ്പോർട്ട് പറയുന്നത്. നടപ്പ് സാമ്പത്തിക വർഷം രാജ്യം 7 ശതമാനം വളർച്ച നേടിയെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.കഴിഞ്ഞ വർഷത്തെ സർവെ 8 മുതൽ 8.5 ശതമാനം വരെ വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. മൂന്ന് വർഷത്തിനിടെയുള്ള ഏറ്റവും കുറവ് വളർച്ചയാണ് സർക്കാർ നടപ്പ് വർഷം പ്രതീക്ഷിക്കുന്നത്. 2021-22 ൽ 8.7 ശതമാനം വളർച്ച നേടി. 2020-21 ൽ മൈനസ് ()6.6 ശതമാനം വർച്ച നേടിയിരുന്നു. 2019-20 ൽ 3.7 ശതമാനം വളർച്ചയാണ് രാജ്യം നേടിയത്.

കൊവിഡ് വാക്സിനേഷനടക്കം രാജ്യത്തെ സമ്പദ് വ്യവസ്ഥയെ തിരിച്ചു വരാൻ സഹായിച്ചുവെന്ന് സാമ്പത്തിക സർവേ പറയുന്നു. കൊവിഡിനെ തുടർന്നുള്ള പ്രതിസന്ധി രാജ്യം മറികടന്നു. ധനകമ്മി നടപ്പ് വർഷം 6.4 ശതമാനമാണ്. സേവന മേഖലയിൽ വളർച്ച 9.1 ശതമാനമായി ഉയർന്നിട്ടുണ്ട്. എന്നാൽ വ്യവസായ രംഗത്ത് കനത്ത ആഘാതമാണ് ഉണ്ടായത്. 10.3 ശതമാനത്തിൽ നിന്നും വളർച്ച 4.2 ശതമാനമായി കുറഞ്ഞു. കാർഷിക രംഗത്തും നേരിയ പുരോഗതിയുണ്ടെന്ന് സർവെ പറയുന്നു.



ഇന്ത്യ ലോകത്തെ ഏറ്റവും വേഗത്തിൽ വികസിക്കുന്ന രാജ്യമായി തുടരുമെന്ന് റിപ്പോർട്ട് പറയുന്നു. ആഗോള തലത്തിൽ വാങ്ങൽ ശേഷി / പർച്ചേസിംഗ് പവറിൽ ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാണെന്നും വിനിമയ നിരക്കിൽ ഇന്ത്യ അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. കൊവിഡ് മഹാമാരി കാലത്തെ തിരിച്ചടി മറികടക്കാനായെന്ന് വ്യക്തമാക്കിയ റിപ്പോർട്ട്, റഷ്യ-യുക്രൈൻ യുദ്ധമാണ് സാമ്പത്തിക രംഗത്തെ വലിയ പ്രതിസന്ധിക്ക് പ്രധാന കാരണമെന്ന് കുറ്റപ്പെടുത്തുന്നു. യുക്രൈൻ യുദ്ധത്തെ കുറിച്ച് 36 തവണയാണ് സർവെ പരാമർശിക്കുന്നത്.

നാണ്യപ്പെരുപ്പം നടപ്പ് സാമ്പത്തിക വർഷം 6.8 ശതമാനമാണ്. ഇത് നിക്ഷേപത്തെ ബാധിക്കില്ല. പലിശ നിരക്കുകൾ ഇനിയും കൂടിയേക്കുമെന്നും, രൂപയ്ക്ക് മേലുള്ള സമ്മർദം തുടരുമെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. രൂപ ഡോളറിനോട് ഇനിയും ദുർബലമായേക്കുമെന്ന സൂചനയാണ് ഇതിലൂടെ ധനമന്ത്രി വ്യക്തമാക്കുന്നത്. ആഭ്യന്തര വിപണിയിൽ ഡിമാന്റ് കൂടുന്നത് പ്രതീക്ഷ നൽകുന്നതായും സർവെ പറയുന്നു.

# ഇൻസ്റ്റിറ്റ്യൂട്ടിലെ സമരത്തിന് പിന്നിൽ ഗേറ്റ് കാവൽക്കാരനും, ശങ്കർ മോഹനെ അപമാനിച്ച് പടികടത്തി –അടൂർ

**തിരുവനന്തപുരം:** കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിലെ സമരങ്ങൾക്ക് പിന്നിൽ ഗേറ്റ് കാവൽക്കാരനുൾപ്പെടെയുള്ള ഒരു സംഘമാളുകളുടെ ഒളിപ്രവർത്തനമാണെന്ന് അടൂർ ഗോപാലകൃഷ്ണൻ. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സ്ഥാനത്തുനിന്ന് രാജിവെച്ച ശേഷം നടത്തിയ വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സത്യമറിയാൻ മാധ്യമങ്ങൾ ശ്രമിച്ചില്ല. ആടിനെ പേപ്പട്ടിയാക്കുകയാണ് അവർ ചെയ്തത്. സ്ഥാപനത്തിലെ ജോലിക്കാർ ആരും പട്ടികജാതിയിൽപ്പെട്ടവരല്ല എന്നും അടൂർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.


കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയെ കണ്ട് തന്റെ രാജി കൊടുക്കുകയായിരുന്നുവെന്നും സാമാന്യം ദീർഘമായിത്തന്നെ സംസാരിച്ചെന്നും അടൂർ പറഞ്ഞു. നാശത്തിന്റെ വക്കിൽ നിന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ധാരണത്തിനും അതിനെ രാജ്യത്തെ തന്നെ മികച്ചതാക്കുന്നതിനും വേണ്ടി ആത്മാർത്ഥമായിത്തന്നെ പരിശ്രമിച്ച മൂന്നുകൊല്ലമാണ് കടന്നുപോയത്. ശങ്കർ മോഹൻ എന്നോടൊപ്പം അഹോരാത്രം പണിയെടുത്ത ഒരു വ്യക്തിയാണ്. ചലച്ചിത്ര മേഖലയേക്കുറിച്ച് അദ്ദേഹത്തോളം അറിവോ പ്രവർത്തനപരിചയമോ ഉള്ള മറ്റൊരു വ്യക്തി ഇന്ത്യയിലില്ല. അങ്ങനെ ഒരാളെയാണ് നമ്മൾ ക്ഷണിച്ചുവരുത്തി അടിസ്ഥാനരഹിതമായ ദുരാരോപണങ്ങളും വൃത്തികെട്ട അധിക്ഷേപങ്ങളും സത്യവിരുദ്ധമായ കുറ്റാരോപണങ്ങളും നടത്തി അപമാനിച്ച് പടികടത്തി വിട്ടതെന്ന് അടൂർ പറഞ്ഞു.

ദളിത് വിരോധവും ജാതി വിവേചനവുമാണ് സമര കാരണമായി വിദ്യാർത്ഥികൾ പറഞ്ഞത്. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ദളിത് ശുചീകരണത്തൊഴിലാളികളെ അടിമപ്പണി ചെയ്യിച്ചിരുന്നു എന്നാണ് ഒരാരോപണം. എന്റെ അന്വേഷണത്തിൽ ഇത് പച്ചക്കള്ളമാണെന്ന് തെളിഞ്ഞു. ജോലിക്കാർ ആരും പട്ടികജാതിയിൽപ്പെടുന്നവരല്ല. നായരും ക്രിസ്ത്യാനിയും ആശാരിയും ഒക്കെയാണവർ. ആരോപണങ്ങളെല്ലാം സാമാന്യബുദ്ധിക്ക് ചേരാത്തതാണ്. ഒരു വിദ്യാർത്ഥിക്ക് ഡിപ്ലോമാ സിനിമ ചെയ്യാൻ അവസരം നൽകിയില്ല എന്നതാണ് വേറൊരു പരാതി. തന്റെ അവസാനവർഷ പരീക്ഷയിൽ പങ്കെടുക്കാതെ വാശിയോടെ മാറി നിന്ന് അവസരം നഷ്ടപ്പെടുത്തിയ ഈ വിദ്യാർത്ഥി പരാതി അയച്ചിരുന്നെങ്കിലും കമ്മീഷനു മുമ്പിൽ ഹാജരാകാൻ ധൈര്യം കാണിച്ചില്ല. തെറ്റുകാരൻ താൻ തന്നെയെന്ന വീണ്ടുവിചാരം അയാൾക്ക് ഉണ്ടായിക്കാണണം. യാതൊരു മുന്നറിയിപ്പുമില്ലാതെയാണ് സമരം തുടങ്ങിയത്. സമരം ആരംഭിച്ചതിന് ശേഷമാണെന്ന് തോന്നുന്നു സമരകാരണങ്ങൾ ആലോചിച്ച് തുടങ്ങിയത്. എന്തായാലും അവർ തിരുവനന്തപുരത്തേക്ക് രഹസ്യയാത്ര നടത്തിയത് ചലച്ചിത്രമേള കാണാനല്ല, മറിച്ച് സമരതന്ത്രങ്ങൾ ആസൂത്രണം ചെയ്ത് ആരോപണങ്ങൾ ഫലവത്തായി മാധ്യമങ്ങളിൽ പടർത്തിവിടുന്നതിന് വേണ്ടിയാണ്.

സമരാഘോഷങ്ങൾക്ക് പിന്നിൽ ആരെന്ന് അന്വേഷിക്കണം. ഗേറ്റ് കാവൽക്കാരനായിരുന്ന വിദ്വാൻ സ്ഥലത്തെ പ്രധാന റൗഡിയും പോലീസ് കേസുകളിലെ പ്രതിയും ധനികനുമാണ്. ഇയാൾക്കും സമരാസൂത്രണത്തിൽ നല്ല പങ്കുണ്ട്. മിലിട്ടറി ക്വാട്ടയിൽ കിട്ടുന്ന മദ്യം ക്യാംപസിലെത്തിച്ച് കച്ചവടം ചെയ്തിരുന്ന ഇയാൾക്ക് കാവൽ ജോലിയിൽ നിന്നുള്ള മാറ്റത്തോടെ വന്ന സാമ്പത്തികനഷ്ടം ചില്ലറയല്ല. അയാൾ ശത്രുസംഹാരാർത്ഥം നടത്തിയ പൊടിക്കൈയാണ് ശുചീകരണ ജോലിക്കാരെക്കൊണ്ട് കള്ളങ്ങൾ പറയിച്ച് വീഡിയോ റെക്കോർഡ് ചെയ്തത്. അതയാളുടെ വീട്ടിൽ വെച്ചുതന്നെയാണ് ചെയ്തത്. എന്തെങ്കിലും ജോലിയേൽപ്പിച്ചാൽ ദീർഘാവധിയെടുത്ത് കടന്നുകളയുന്ന പി,ആർഓ ഇൻസ്റ്റിറ്റ്യൂട്ടിലുണ്ടായിരുന്നു. ഈ തസ്തിക അനാവശ്യമാണെന്ന് അധികൃതർ അറിയിച്ചുണ്ട്. ഓഫീസ് സമയം പാലിക്കാത്ത ഇയാൾക്ക് ഔദ്യോഗിക ജോലികളോട് വൈമുഖ്യമാണ്. പി.ആർ.ഓ, അധ്യാപകരിൽ രണ്ടുപേർ, ഒരു ഡെമോൺസ്ട്രേറ്റർ, ഒരു ക്ലാർക്ക്, സ്റ്റോർ കീപ്പർ എന്നിവരാണ് സ്ഥാപനത്തിനെതിരെ ഒളിപ്രവർത്തനം നടത്തിയത്. മൂന്നുമാസംമുമ്പ് ഇന്റർവ്യൂ നടത്തി ഏതാനും അധ്യാപകരെ തിരഞ്ഞെടുത്ത അവസരത്തിൽ താനുൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ അപേക്ഷകരുടെ യോഗ്യതയും പരിചയവും സമീപനവുമെല്ലാം പരിഗണിച്ച് സ്ഥാപനത്തിന് ഉപയോഗപ്പെടുന്നവരെ മാത്രമാണ് തിരഞ്ഞെടുത്തതെന്നും അടൂർ വിശദമാക്കി.

## ആശാൻ

'മൂന്നു ദിവസം 3400 കോടി ഡോളർ നഷ്ടം: ലോക സമ്പന്നരിൽ ആദ്യ പത്തിൽ നിന്ന് അദാനി പുറത്ത്.



രണ്ട് നാലദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ

# ചിന്ത ജെറോമിന്റെ ഗവേഷണ പ്രബന്ധം: ഗവർണർ ഇടപെടുന്നു, കേരള വിസിയോട് റിപ്പോർട്ട് തേടി

## നോട്ടപ്പിശകിനെ പർവതീകരിച്ചുള്ള വിവാദമാണ് ഉണ്ടായതെന്നും തെറ്റുതിരുത്തി പ്രബന്ധം പുസ്തകമാക്കി ഇറക്കുമെന്നും ചിന്ത ഇന്ന് വ്യക്തമാക്കിയിരുന്നു

**തിരുവനന്തപുരം:** സിപിഎം യുവ നേതാവ് ചിന്ത ജെറോമിന്റെ ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ട വിവാദത്തിൽ സംസ്ഥാനത്തെ സർവകലാശാലകളുടെ ചാൻസലർ കൂടിയായ ഗവർണർ റിപ്പോർട്ട് തേടി. കേരള സർവകലാശാല വിസിയോടാണ് ആരിഫ് മുഹമ്മദ് ഖാൻ റിപ്പോർട്ട് തേടിയത്. ഗവേഷണ പ്രബന്ധത്തിലെ പിഴവ് കേരള സർവകലാശാല പരിശോധിക്കും. പരാതികൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ വച്ചേക്കുമെന്നും വിവരമുണ്ട്. സംഭവത്തിൽ ലഭിച്ച പരാതികൾ കേരള സർവകലാശാല വിസിക്ക് ഗവർണർ കൈമാറും.

ഗവേഷണ പ്രബന്ധത്തിൽ തെറ്റുപറ്റിയെന്ന് സമ്മതിച്ച് ചിന്താ ജെറോം ഇന്ന് രംഗത്ത് വന്നിരുന്നു. നോട്ടപ്പിശകിനെ പർവതീകരിച്ചുള്ള വിവാദമാണ് ഉണ്ടായതെന്നും തെറ്റുതിരുത്തി പ്രബന്ധം പുസ്തകമാക്കി ഇറക്കുമെന്നും ചിന്ത ഇന്ന് മാധ്യമങ്ങളോട് വ്യക്തമാക്കിയിരുന്നു. ഗവേഷണ പ്രബന്ധത്തിനെതിരെ പരാതികൾ ഉയർന്ന പശ്ചാത്തലത്തിൽ ചിന്തയുടെ പ്രബന്ധം പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചേക്കും. ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ടുയർന്ന രണ്ട് ആരോപണങ്ങളിൽ ആദ്യത്തേതിൽ തെറ്റ് സമ്മതിച്ച് ഖേദം പറയുന്ന ചിന്ത, പക്ഷെ കോപ്പിയടിയെന്ന രണ്ടാമത്തെ അരോപണം തള്ളുകയും ആശയം പകർത്തിയിട്ടുണ്ടെന്ന് സമ്മതിക്കുകയും ചെയ്തു. വിമർശനം തുറന്ന മനസോടെ സ്വീകരിക്കുന്നുവെന്നും എന്നാൽ സ്ത്രീവിരുദ്ധമായ പരാമർശം പോലും തനിക്കെതിരെ ഉണ്ടായെന്നും ചിന്ത വിമർശിച്ചു.



ചങ്ങമ്പുഴയുടെ വിഖ്യാതമായ വാഴക്കുല കവിത എഴുതിയത് വൈലോപ്പിള്ളിയാണെന്ന ചിന്തയുടെ ഗവേഷണ പ്രബന്ധത്തിലെ ഗുരുതര തെറ്റ്. പിന്നാലെ ബോധി കോമൺസ് എന്ന വെബ്സൈറ്റിലെ ലേഖനം കോപ്പിയടിച്ചെന്ന ആക്ഷേപവും വന്നു. ചിന്തയുടെ ഡോക്ടറേറ്റും ഗൈഡായിരുന്ന മുൻ പ്രോ വി സി അജയകുമാറിൻറെ ഗൈഡ് ഷിപ്പും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി. ഗവർണ്ണർക്കും കേരള വിസിക്കും ഈ ആവശ്യങ്ങൾ ഉന്നയിച്ച് ഇവർ പരാതി നൽകിയിട്ടുണ്ട്.

# വിവാഹേതര ലൈംഗിക ബന്ധത്തിലേർപ്പെടുന്ന സൈനികർക്കെതിരെ നടപടിയെടുക്കാം, വിധിയിൽ വ്യക്തത വരുത്തി സുപ്രീം കോടതി

**ന്യൂഡൽഹി:** വിവാഹേതര ലൈംഗികബന്ധത്തിലേർപ്പെടുന്ന സൈനികർക്കെതിരെ നടപടിയെടുക്കാമെന്ന് സുപ്രീം കോടതി.2018ലെ വിവാഹേതര ബന്ധം ക്രിമിനൽ കുറ്റമല്ലാതാക്കിയ വിധിയിലാണ് ഭരണഘടനാ ബെഞ്ച് വ്യക്തത വരുത്തിയത്. ജസ്റ്റിസ് കെ എം ജോസഫിന്റെ അദ്ധ്യക്ഷതയിലുള്ള ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. 2018ലെ വിധി സൈനിക നിയമത്തിന് ബാധകമല്ലെന്ന് കോടതി വ്യക്തമാക്കി. വിവാഹേതര ബന്ധം സംബന്ധിച്ച ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 497 ഭരണഘടനാവിരുദ്ധമാണെന്നും കാട്ടി കോടതി 2018ൽ എടുത്തുകളഞ്ഞിരുന്നു. എന്നാൽ ഇത് സായുധ സേനാംഗങ്ങൾക്ക് ബാധകമാണോയെന്ന് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ നൽകിയ ഹർജിയിലാണ് ഇപ്പോൾ കോടതി വിധി പറഞ്ഞത്. ഭരണഘടനയുടെ 33-ാം അനുഛേദ പ്രകാരം ചില മൗലികാവകാശങ്ങളിൽ നിന്ന് സൈനികരെ ഒഴിവാക്കിയുള്ള നിയമനിർമാണങ്ങൾ ആകാമെന്നും കോടതി നിരീക്ഷിച്ചു.




ജസ്റ്റിസ് നരിമാൻ അദ്ധ്യക്ഷനായ അഞ്ചംഗ ബെഞ്ചാണ് 2018ൽ നിയമത്തിലെ 497-ാം വകുപ്പും ക്രിമിനൽ നടപടി ചട്ടത്തിലെ 198(2) വകുപ്പും ഭരണഘടനാ വിരുദ്ധമെന്ന് വിധി പ്രഖ്യാപിച്ചത്.

# ഭക്ഷ്യ സുരക്ഷാ നടപടിയിൽ ഇളവ്; ഹോട്ടൽ ജീവനക്കാർ ഹെൽത്ത് കാർഡ് എടുക്കാനുള്ള അവസാന തീയതി നീട്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് ഫെബ്രുവരി ഒന്ന് മുതൽ ഹെൽത്ത് കാർഡ് നിർബന്ധമാക്കാനുള്ള ആരോഗ്യവകുപ്പിന്റെ നടപടിയിൽ നേരിയ ഇളവ്. ഹെൽത്ത് കാർഡ് എടുക്കാനുള്ള സമയപരിധി രണ്ടാഴ്ച കൂടി നീട്ടി. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കർക്കശമാക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 16 മുതൽ ഹെൽത്ത് കാർഡ് എടുക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു.

സർക്കാർ തീരുമാനത്തിന് പിന്നാലെ ഹെൽത്ത് കാർഡ് എടുക്കാനായി തിരക്കേറിയത് മൂലം സമയ പരിധി നീട്ടണമെന്ന ഹോട്ടൽ ഉടമകളുടെ ആവശ്യം പരിഗണിച്ചാണ് തീരുമാനം. എന്നാൽ നാളെ മുതൽ സംസ്ഥാനത്ത് ഹോട്ടലുകൾ കേന്ദ്രീകരിച്ചുള്ള പരിശോധനകൾ തുടരും. 15-ാം തീയതിയ്ക്ക് ശേഷം മാത്രമായിരിക്കും സ്ഥാപനത്തിലെ ജീവനക്കാരുടെ ഹെൽത്ത് കാർഡിന്റെ അഭാവത്തിൽ നടപടി സ്വീകരിക്കുക. ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും വിൽപന നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളിലേയും ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കുമാണ് ഹെൽത്ത് കാർഡ് വേണ്ടത്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്ക് പുറമേ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരും ഹെൽത്ത് കാർഡ് പരിശോധിക്കും. ജീവനക്കാരുടെ ആരോഗ്യസ്ഥിതി, ത്വക്ക് രോഗങ്ങൾ, കാഴ്ച ശക്തി, ശരീരത്തിലെ വ്രണം, മുറിവ് എന്നിവയിൽ പരിശോധന നടത്തണം. വാക്സിൻ സ്വീകരിച്ചിട്ടുണ്ടോ എന്നും നോക്കും, പകർച്ചവ്യാധികൾക്കായി രക്തപരിശോധനയും നടത്തേണ്ടതുണ്ട്. ഡോക്ടറുടെ സീലും ഒപ്പും അടങ്ങുന്ന ഹെൽത്ത് കാർഡിന് ഒരു വർഷമായിരിക്കും കാലാവധി. ജീവനക്കാരുടെ ഹെൽത്ത് കാർഡ് സ്ഥാപനത്തിൽ സൂക്ഷിക്കണം.




അതേസമയം നാളെ മുതൽ പാഴ്സലുകളിൽ ഭക്ഷ്യ സുരക്ഷാ മുന്നറിയിപ്പോടു കൂടിയ സ്ലിപ്പോ മുന്നറിയിപ്പോടു കൂടിയ സ്റ്റിക്കറോ നിർബന്ധമാണ്. മുന്നറിയിപ്പില്ലാത്ത ഭക്ഷണ പാഴ്സലുകൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമെന്നാണ് മുന്നറിയിപ്പ്. അതിൽ ഭക്ഷണം പാകം ചെയ്ത തീയതിയും സമയവും എത്ര സമയത്തിനുള്ളിൽ കഴിക്കണം എന്നിവയും വ്യക്തമാക്കിയിരിക്കണം.

# ലോകത്തെ ആദ്യ പത്ത് സമ്പന്നരുടെ പട്ടികയിൽ നിന്ന് ഗൗതം അദാനി പുറത്ത്




**ദില്ലി**: ഹിൻഡൻബർഗ് റിസർച്ചിന്റെ റിപ്പോർട്ട് പുറത്ത് വന്നതിന് പിന്നാലെ ലോകത്തെ ആദ്യ പത്ത് സമ്പന്നരുടെ പട്ടികയിൽ നിന്ന് പുറത്തായി ഗൗതം അദാനി. ഏറ്റയിലെ ഏറ്റവും സമ്പന്നനെന്ന നിലയിലും ഉടൻ മാറ്റമുണ്ടാകുമെന്നാണ് റിപ്പോർട്ട്. തുടർച്ചയായി ഓഹരി വിപണിയിൽ നേരിടുന്ന തകർച്ചയാണ് അദാനിക്ക് വെല്ലുവിളിയാവുന്നത്. ബ്ലൂംബെർഗ് പട്ടികയിൽ നാലാം സ്ഥാനത്ത് നിന്ന് 11ാം സ്ഥാനത്തേക്കാണ് അദാനി എത്തിയത്. മൂന്ന് ദിവസത്തിനുള്ളിൽ 34 ബില്യൺ ഡോളറിൻറെ തകർച്ചയാണ് അദാനി നേരിട്ടത്.

റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയേക്കാളും ഒരു പടി മാത്രം മുന്നിലാണ് അദാനിയുള്ളത്. 84.4 ബില്യൺ ഡോളറാണ് അദാനിയുടെ മൂല്യം. 82.2 ബില്യൺ ഡോളറാണ് മുകേഷ് അംബാനിയുടെ മൂല്യം. അതേസമയം അദാനി ഗ്രൂപ്പിൻറെ ഓഹരി മൂല്യം പെരുപ്പിച്ച് കാണിക്കുന്നതാണെന്ന തങ്ങളുടെ റിപ്പോർട്ടിൽ ഉറച്ചുനിൽക്കുന്നുവെന്ന് യുഎസ് ഫിനാൻഷ്യൽ റിസർച്ച് സ്ഥാപനമായ ഹിൻഡൻബർഗ് വ്യക്തമാക്കിയിട്ടുണ്ട്.

അദാനി ഗ്രൂപ്പിൻറെ ക്രമക്കേടുകൾ എണ്ണിപ്പറഞ്ഞുള്ള ഹിൻഡൻബർഗ് റിസർച്ചിൻറെ റിപ്പോർട്ട് പുറത്ത് വന്നതിന് പിന്നാലെ ഓഹരി വിപണിയിൽ കനത്ത തിരിച്ചടിയാണ് അദാനി ഗ്രൂപ്പ് നേരിടുന്നത്. ഒറ്റ ദിവസം ഏതാണ്ട് എഴുപത്തിനാലായിരം കോടി രൂപയുടെ ഇടിവാണ് ഓഹരി വിപണിയിൽ നിന്ന് അദാനി ഗ്രൂപ്പ് നേരിട്ടത്.

അതേസമയം ഓഹരി വിപണിയിൽ നിന്നുണ്ടായ തുടർ തിരിച്ചടിയിൽ നിന്ന് കരകയറുന്നതിൻറെ സൂചന നൽകി തുടങ്ങിയിട്ടുണ്ട് അദാനി ഗ്രൂപ്പ് ഓഹരികൾ. അദാനിയുടെ പത്തിൽ അഞ്ച് കമ്പനികളും ഇന്ന് ആദ്യമണിക്കൂറുകളിൽ നേട്ടമുണ്ടാക്കുന്നുണ്ടെന്നാണ് ആദ്യ പാദത്തിലെ റിപ്പോർട്ടുകൾ വിശദമാക്കുന്നത്. അദാനി എൻറെർപ്രൈസസിൻറെ തുടർ ഓഹരി വിൽപന ഇന്ന് അവസാനിക്കാനിരിക്കെ ഈ സൂചനകൾ കമ്പനിക്ക് പ്രതീക്ഷ നൽകുന്നതാണ്. 3200 കോടിയോളം രൂപ അദാനി എൻറെർപ്രൈസസിൽ നിക്ഷേപിക്കുമെന്ന അബുദാബി ഇൻറെർണാഷണൽ ഹോൾഡിംഗ്സ് കമ്പനിയുടെ പ്രഖ്യാപനം ഇന്ന് നിക്ഷേപകർക്കിടയിൽ ആത്മവിശ്വാസം കൂട്ടുമെന്നാണ് വിലയിരുത്തൽ.

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## രാഹുലിന്റെ യാത്രയിൽ രജത രേഖയേറെ

എൽ.കെ. അദ്വാനിയുടെ രഥയാത്രയ്ക്കു ശേഷം മറ്റൊരു യാത്ര ഇന്ത്യൻ രാഷ്ട്രീയത്തിൽ സൂക്ഷ്മ വിശകലനത്തിനു വിഷയമായിരിക്കുന്നു. കോൺഗ്രസിന് ആവേശമായി, ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതുചലനങ്ങൾക്കു സാധ്യതയേകിയാണ് രാഹുലിന്റെ പദയാത്രയുടെ സമാപനം. സെപ്റ്റംബർ ഏഴിന് കന്യാകുമാരിയിൽ തുടങ്ങി കശ്മീരിന്റെ മണ്ണിൽ ഭാരത് ജോഡോ യാത്ര സമാപിക്കുമ്പോഴേക്കും കൂടുതൽ ഇരുത്തം വന്നൊരു നേതാവായി രാഹുൽ മാറിയെന്ന വിശ്വാസമാണ് കോൺഗ്രസ്പ്രവർത്തകരിൽ നിറയുന്നത്. 14 സംസ്ഥാനങ്ങളിലെ 75 ജില്ലകളിലും രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 135 ദിവസത്തെ പദയാത്രയിലുടനീളം ജനം രാഹുലിന്റെ ഒപ്പമുണ്ടായി. 4080 കിലോമീറ്റർ ദൂരം രാഹുലും കൂട്ടരും നടന്നുതീർത്തു. പ്രവൃത്തികൾ പൂർത്തിയാക്കാൻ മടിച്ചും പകുതിക്ക് ഇട്ടെറിഞ്ഞും പോകുന്ന നേതാവെന്ന പേരുദോഷത്തിൽനിന്നു നിശ്ചയദാർഢ്യമുള്ള നേതാവിലേക്കുള്ള രാഹുലിന്റെ നടന്നുകയറ്റം കൂടിയായി ഈ യാത്ര. നടന്നുകയറിയത് ഇന്ത്യയുടെ ഹൃദയത്തിലേക്കാണെന്ന കോൺഗ്രസ് നേതാക്കളുടെ അവകാശവാദങ്ങൾക്ക് ഉത്തരം നൽകേണ്ടതു രാഹുലും രാഹുലിൽ പ്രതീക്ഷയർപ്പിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ തുടർ പ്രവർത്തനങ്ങളുമാകും

രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയ്ക്കു ഇത്രയ്ക്ക് ഗൗരവവും പ്രാധാന്യവുമുണ്ടോയെന്നു സംശയിക്കുന്നവർക്കു ബോധ്യങ്ങൾ നൽകേണ്ടതും കോൺഗ്രസ് നേതാവു തന്നെ. ബി.ജെ.പിയുടെ പടയോട്ടത്തിൽ തരിപ്പണമായി നിൽക്കുന്ന കോൺഗ്രസിനു പുതുജീവനേകാൻ രാഹുലിന്റെ യാത്രയ്ക്കു കഴിഞ്ഞിട്ടുണ്ടെന്ന വിശ്വാസം എതായാലും ശക്തിപ്പെട്ടു. കണക്കുകൂട്ടലുകൾക്ക് അനുസരിച്ചു കാര്യങ്ങൾ നീങ്ങുന്നതിനെ ആശ്രയിച്ചിരിക്കും സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ പദയാത്രയുടെ ചരിത്ര പ്രസക്തി. പ്രതീക്ഷയുടെ കിരണമാണ് ഭാരത് ജോഡോ യാത്രയെന്നു പ്രിയങ്ക ഗാന്ധി പറയുകയുണ്ടായി. പദയാത്രയുടെ ആവേശം ശ്രീനഗറിലെ കടുത്ത മഞ്ഞുവീഴ്ചയ്ക്കിടയിലെ സമാപനത്തിലും നിലനിർത്തിയ രാഹുൽ കോൺഗ്രസിനും ഇന്ത്യൻ രാഷ്ട്രീയത്തിനും പുതിയൊരു പ്രകാശം പകർന്നു. ബി.ജെ.പി. രാഷ്ട്രീയം ഇന്ത്യയിൽ ശക്തമാകുന്നതിന് അദ്വാനിയുടെ രഥയാത്ര വഹിച്ച പങ്ക് നിസ്തർക്കമാണ്. കോൺഗ്രസിന് നിലവിൽ ആവശ്യം തിരിച്ചുവരവും. കോൺഗ്രസിനേയും നരേന്ദ്ര മോദിക്കു മുന്നിൽ ഉത്തരമില്ലാതെ നിൽക്കുന്ന മറ്റു പ്രതിപക്ഷ പാർട്ടികളേയും യോജിപ്പിച്ചൊരു പടയൊരുക്കത്തിനു കെൽപ്പുള്ളൊരു നേതാവു രാഹുൽ ഗാന്ധി മാത്രമാണെന്ന് ഈ യാത്രയും വ്യക്തമാക്കി. രാഹുൽ ഗാന്ധിക്കു പിന്നിൽ മറ്റു പ്രതിപക്ഷ പാർട്ടികൾ ഒന്നിച്ചു നിൽക്കുകയും എല്ലാവരെയും ഒരുമിച്ചു നയിക്കാനുള്ള കഴിവ് രാഹുൽ കാണിക്കുകയും ചെയ്താൽ മാത്രമേ ഇന്ത്യൻ രാഷ്ട്രീയത്തിൽ പുതിയ സമവാക്യങ്ങൾ പ്രതീക്ഷിക്കേണ്ടതുള്ളൂ

വാക്കിലും ഇടപെടലിലും തന്റേതായ ശൈലിയും രീതികളും പിന്തുടരുന്ന നേതാവാണ് രാഹുൽ. വിമർശനങ്ങളും കളിയാക്കലുകളും വേട്ടയാടിയപ്പോഴും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ശീലത്തിനു മാറ്റമുണ്ടായില്ല. ഓരോ നാട്ടിലൂടെയും ഒരു കൂട്ടായ്മ കടന്നുപോകുന്ന പ്രതീതിയായിരുന്നു. താടിയും മുടിയും നീട്ടിവളർത്തി അവരുടെ നായകനായി രാഹുൽ നിറഞ്ഞുനിന്നു. ഭിന്നിപ്പിന്റേയും വെറുപ്പിന്റേയും രാഷ്ട്രീയം ഇന്ത്യയിൽ പടർത്താനാണ് ബി.ജെ.പി. ശ്രമിക്കുന്നതെന്നു കോൺഗ്രസ് വിശ്വസിക്കുന്നു. സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും സ്വരം പ്രകടിപ്പിക്കാനായിരുന്നു യാത്രയിലുടനീളം രാഹുലിന്റെ ശ്രമം. രാജ്യത്ത് ഐക്യം വീണ്ടെടുക്കാൻ തന്റെ യാത്ര കാരണമാകുമെന്ന് രാഹുൽ പറഞ്ഞു. ബി.ബി.സി. ഡോക്യുമെന്ററിയും മോദിയുടെ തണലിൽ വളർന്നുവെന്ന് ആരോപിക്കുന്ന ഗൗതം അദാനിയുടെ സ്ഥാപനങ്ങൾക്ക് ഏറ്റ തിരിച്ചടിയും നിലവിൽ ബി.ജെ.പിയുടെ തലവേദനകളാണ് അവർക്കു സമാപന സമ്മേളനത്തിൽ പന്ത്രണ്ടോളം രാഷ്ട്രീയപ്പാർട്ടി നേതാക്കളുടെ സാന്നിധ്യമുണ്ടായി. സി.പി.എം. അടക്കം പല പ്രമുഖ പാർട്ടികളുടെ അഭാവം അതിലേറെ ശ്രദ്ധേയം. ബി.ജെ.പിയുടെ വിദ്വേഷ രാഷ്ട്രീയത്തിന് എതിരേയാണു യാത്രയെന്നു പറയുമ്പോഴും മോദിയുടെ തട്ടകമായ ഗുജറാത്തിൽ കാലുകുത്താതിരുന്നതും തെരഞ്ഞെടുപ്പുകളിൽ നിർണായകമാകുന്ന ഉത്തർപ്രദേശിലൂടെ മൂന്നു ദിവസം മാത്രമുള്ള യാത്രയും വിമർശന വിധേയമായി. കശ്മീരിന് സ്വയം ഭരണ പദവി തിരിച്ചു നൽകുമെന്ന പ്രഖ്യാപനം പലർക്കും ദഹിച്ചിട്ടില്ല. ഇത്തരം കല്ലുകടികൾക്കിടയിലും രാഹുലിന്റെ യാത്രയിൽ രജത രേഖയേറെ. ഉണർത്താനും ആവേശം പകരാനും ലക്ഷ്യമിട്ടുള്ള യാത്രകളെ ആർക്കാണു തള്ളിപ്പറയാൻ കഴിയുക?



## ലോകത്തിന് ഇന്ത്യയോടുള്ള കാഴ്ചപ്പാട് മാറി, സർക്കാരിന്റെ നയങ്ങളിൽ ദൃഢതയുണ്ട്'; പാർലമെന്റിനെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി, ബഡ്ജറ്റ് സമ്മേളനത്തിന് തുടക്കം

ന്യൂഡൽഹി: ബഡ്ജറ്റ് സമ്മേളനത്തിൽ പാർലമെന്റിനെ അഭിസംബോധന ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

പുതിയ രാഷ്ട്രപതിയുടെ ആദ്യത്തെ പാർലമെന്റ് അഭിസംബോധനയാണിത്. നാളെ അവതരിപ്പിക്കുന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേയും ഇന്ന് പാർലമെന്റിൽ അവതരിപ്പിക്കും.

'സന്തോഷ നിമിഷമാണിത്. രാജ്യത്തിന്റെ അമൃതകാലമാണിത്. എല്ലാവരുടെയും വികസനമാണ് സർക്കാരിന്റെ ലക്ഷ്യം. വികസന പാതയിൽ രാജ്യം മുന്നേറുന്നു. ലോകത്തിന് ഇന്ത്യയോടുള്ള കാഴ്ചപ്പാട് മാറി. ജനങ്ങളുടെ ആത്മവിശ്വാസം വർദ്ധിച്ചു. ആത്മനിർഭർ ഭാരതത്തെ നമ്മൾ പടുത്തുയർത്തുകയാണ്. ഇന്ത്യ ഇന്ന് ലോകത്തെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയാണ്. ഇത് രാജ്യത്തിന്റെ പ്രയാണത്തിൽ സുപ്രധാന മുഹൂർത്തമാണ്. പ്രകടമായ പല മാറ്റങ്ങളും ഈ സർക്കാരിന്റെ കാലത്തുണ്ടായി. ഇന്ത്യയുടെ ഡിജിറ്റൽ നെറ്റ്‌വർക്ക് ലോകത്തിന് മാതൃകയാണ്. ആഗോളതലത്തിൽ രാജ്യത്തിന്റെ പ്രതിച്ഛായ മാറി. സർക്കാർ പ്രവർത്തിക്കുന്നത് സുതാര്യമായാണ്. സ്വന്തം ആവശ്യങ്ങൾക്കായി ഇന്ത്യ മറ്റ് രാജ്യങ്ങളെ ആശ്രയിക്കുന്നില്ല. മറ്റ് രാജ്യങ്ങളാകട്ടെ ഇന്ത്യയുടെ സഹായം പലപ്പോഴും തേടുന്നു. ഇന്ത്യയുടെ അഭിമാനം ഏറ്റവും ഉന്നതിയിലെത്തിയ കാലമാണ് ഈ സർക്കാരിന്റേത്. സ്ത്രീ മുന്നേറ്റം എടുത്തുപറയേണ്ട കാര്യമാണ്. ഈ സർക്കാരിന്റെ നയങ്ങളിൽ ദൃഢതയുണ്ട്. രാജ്യം ഇന്ന് ഭീകരതയെ അതിശക്തമായി നേരിടുന്നു. ലോകത്തിന്റെ പ്രതീക്ഷകൾ സഫലമാക്കുന്ന ബഡ്ജറ്റാകും ഇത്.'- രാഷ്ട്രപതി പറഞ്ഞു.

അതേസമയം, പാർലമെന്റ് ബഡ്ജറ്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന സർവകക്ഷി സമ്മേളനത്തിൽ വിവാദമായ ബി.ബി.സി ഡോക്യുമെന്ററി നിരോധനവും ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷ പാർട്ടികൾ ആവശ്യപ്പെട്ടു. ഇന്നലെ പാർലമെന്റ് അനക്സിൽ പാർലമെന്ററി കാര്യ മന്ത്രി പ്രൾഹാദ് ജോഷി വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിൽ 27 പാർട്ടികളെ പ്രതിനിധീകരിച്ച് 37 നേതാക്കൾ പങ്കെടുത്തു. എന്നാൽ, കോൺഗ്രസ്, എസ്.പി എന്നീ പാർട്ടികൾ യോഗത്തിൽ പങ്കെടുത്തില്ല.

പ്രതിപക്ഷത്തിന്റെ ആവശ്യം

ഗവർണർ - സംസ്ഥാന സർക്കാർ പോര്, ബി.ബി.സി വിവാദം, ചൈനീസ് കടന്നു കയറ്റം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യണം. ഗവർണർ - സംസ്ഥാന സർക്കാർ പോര് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത് തെലങ്കാനയിലെ ബി.ആർ.എസ് പാർട്ടിയാണ്. അതിർത്തിയിലെ ചൈനീസ് കടന്നുകയറ്റത്തിൽ ചർച്ച വേണമെന്നാവശ്യമുന്നയിച്ചത് ബി.എസ്.പിയും. തൃണമൂൽ കോൺഗ്രസാണ് ബി.ബി.സി വിവാദം ചർച്ച ചെയ്യണമെന്ന ആവശ്യമുന്നയിച്ചത്. രാജ്യവ്യാപകമായി ജാതി അടിസ്ഥാനമാക്കി സാമ്പത്തിക സെൻസസ് നടത്തണമെന്നും വനിതാ സംവരണ ബിൽ കൊണ്ടുവരണമെന്നുമായിരുന്നു വൈ.എസ്.ആർ കോൺഗ്രസിന്റെ ആവശ്യം. വനിതാ ബില്ലിന് വേണ്ടി ബിജു ജനതാദളും ഇതേ ആവശ്യമുന്നയിച്ചു. അദാനി വിഷയം സംബന്ധിച്ച ചർച്ച ആവശ്യപ്പെട്ടത് ആർ.ജെ.ഡിയാണ്. പാർലമെന്റിന്റെ സുഗമമായ നടത്തിപ്പിന് കേന്ദ്ര സർക്കാർ എല്ലാ കക്ഷികളുടെയും സഹകരണം ആവശ്യപ്പെട്ടു. പ്രൾഹാദ് ജോഷിക്ക് പുറമെ കേന്ദ്രമന്ത്രിമാരായ രാജ്‌നാഥ് സിംഗ്,പിയൂഷ് ഗോയൽ, അർജുൻ രാംമേഘ്‌വാൾ, വി. മുരളീധരൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഡി.എം.കെ നേതാവ് ടി.ആർ ബാലു, ടി.എം.സി നേതാക്കളായ സുദീപ് ബന്ദോപാദ്ധ്യായ, സുഖേന്ദു ശേഖർ റേ, ടി.ആർ.എസ് നേതാക്കളായ കെ. കേശവ റാവു, നാമ നാഗേശ്വരറാവു, നാഷണൽ കോൺഫറൻസിലെ ഫാറൂഖ് അബ്ദുള്ള, ശിവസേനാ നേതാവ് പ്രിയങ്ക ചതുർവേദി തുടങ്ങിയ പ്രതിപക്ഷ നേതാക്കളും പങ്കെടുത്തു. ബഡ്ജറ്റ് സമ്മേളനത്തിൽ രാഷ്ട്രപതിയുടെ പ്രസംഗം ബഹിഷ്ക്കരിക്കണമോയെന്ന് ഉടൻ തീരുമാനമെടുക്കുമെന്ന് ബി.ആർ.എസ് നേതാവ് കെ. കേശവറാവു എം.പി അറിയിച്ചു. സർവകക്ഷി യോഗത്തിന് ശേഷം എൻ.ഡി.എ സഭാ നേതാക്കളുടെ യോഗം ചേർന്നു.

ഇന്ന് രാഷ്ട്രപതിയുടെ അഭിസംബോധനയോടെ പാർലമെന്റ് സമ്മേളനം തുടങ്ങും. ധനമന്ത്രി സാമ്പത്തിക സർവെ സഭയിൽ വയ്ക്കും. നാളെയാണ് ധനമന്ത്രി നിർമ്മല സീതാരാമൻ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ഫെബ്രുവരി 13 വരെ



## പെഷാവർ സ്ഫോടനം; പൊട്ടിത്തെറിച്ച ചാവേറിന്റെ തല കണ്ടെത്തി,

പെഷാവർ: പാക് നഗരമായ പെഷാവാറിലെ പള്ളിയിൽ തിങ്കളാഴ്ചയുണ്ടായ സ്ഫോടനത്തിന് കാരണക്കാരനായ താലിബാൻ ചാവേറിന്റെ അറ്റുപോയ തല കണ്ടെടുത്തു. ചാവേറായി പ്രവർത്തിച്ചെന്ന് സംശയിക്കുന്നയാളുടെ തല, അറ്റുപോയ നിലയിൽ സംഭവസ്ഥലത്തുനിന്ന് കണ്ടെടുത്തെന്ന് പെഷവാർ സിറ്റി പോലീസ് ഓഫീസർ മുഹമ്മദ് ഐജാസ് ഖാൻ പറഞ്ഞു. ചൊവ്വാഴ്ചയാണ് പോലീസ് തല കണ്ടെടുത്തത്. സുരക്ഷാ സംവിധാനങ്ങൾ മറികടന്ന് ഇയാൾ പള്ളിക്കകത്ത് പ്രവേശിച്ചതെങ്ങനെ എന്നതടക്കമുള്ള കാര്യങ്ങൾ അന്വേഷിക്കുമെന്നും പോലീസ് വ്യക്തമാക്കി. ഏതെങ്കിലും ഒരു ഔദ്യോഗിക വാഹനമുപയോഗിച്ചായിരിക്കണം ഇയാൾ പള്ളിയിൽ പ്രവേശിച്ചിരിക്കുക എന്നാണ് പോലീസിന്റെ നിഗമനം.

തിങ്കളാഴ്ച് ഉച്ചയ്ക്ക് ളുഹർ നമസ്കാരത്തിനിടെയുണ്ടായ ചാവേർ സ്ഫോടനത്തിൽ 93 പേർ കൊല്ലപ്പെട്ടിരുന്നു. 221 പേർ പരിക്കുകളോടെ ആശുപത്രിയിൽ കഴിയുന്നു. സ്ഫോടനത്തിൽ പള്ളിയുടെ ഒരു ഭാഗം പാടേ തകർന്നിരുന്നു. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്ന മൃതദേഹങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമം തുടരുകയാണ്. മൃതദേഹങ്ങൾ കണ്ടെടുക്കുന്ന പ്രവർത്തനങ്ങൾക്കിടെയാണ് ചാവേറിന്റെ തലഭാഗവും കണ്ടെത്തിയത്. തിങ്കളാഴ്ച ഉച്ചയ്ക്ക് ഒന്നേ മുക്കാലോടെയായിരുന്നു അപകടം. ഉച്ചസമയത്തെ പ്രാർഥനവേളയിൽ, പള്ളിക്കകത്തെ ഒന്നാമത്തെ നിരയിൽത്തന്നെയിരുന്നു. നമസ്കാരത്തിനിടെയാണ് ചാവേർ പൊട്ടിത്തെറിച്ചത്.

പോലീസ് ആസ്ഥാനത്തുള്ള പള്ളിയിലായിരുന്നു സ്ഫോടനം. മുന്നൂറോളം പേർ പ്രാർഥനയിൽ പങ്കെടുക്കാൻ എത്തിയിരുന്നു. മരിച്ചവരിലും പരിക്കേറ്റവരിലും ഭൂരിഭാഗം പേരും പോലീസ്, സുരക്ഷാ ഉദ്യോഗസ്ഥരാണ്. താലിബാന്റെ പാക് മുഖമായ തെഹ്‌രീകെ താലിബാൻ പാകിസ്താനാണ് (ടി.ടി.പി.) ആക്രമത്തിനു പിന്നിലെന്ന് സ്ഥിരീകരിച്ചു. ഓഗസ്റ്റിൽ അഫ്ഗാനിസ്താനിൽ തന്റെ സഹോദരൻ കൊല്ലപ്പെട്ടതിന്റെ പ്രതികാരമായാണിതെന്ന് ടി.ടി.പി. കമാൻഡർ ഉമർ ഖാലിദ് ഖുറസാനി പ്രതികരിച്ചു. അഫ്ഗാൻ അതിർത്തിപ്രദേശത്തെ അതിസുരക്ഷാ മേഖലയിലാണ് പള്ളി. ത്രിതല സുരക്ഷാ വലയം മറികടന്നാണ് ചാവേർ പള്ളിക്കകത്ത് പ്രവേശിച്ചത്.



## തീവ്രന്യൂനമർദം; കേരള തീരത്ത് നിന്ന് മത്സ്യ ബന്ധനത്തിന് പോയവർ മടങ്ങിയെത്തണം

തിരുവനന്തപുരം: തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട തീവ്രന്യൂനമർദത്തിന്റെ സ്വാധീനം കന്യാകുമാരി തീരം വരെ എത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ കേരള തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോയവർ ഇന്ന് തന്നെ തിരിച്ച് സുരക്ഷിത തീരത്തേക്ക് മടങ്ങണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.
ജനുവരി 31 മുത ഫെബ്രുവരി 4 വരെ ന്യൂനമർദ സ്വാധീനഫലമായി അതിശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്ന കന്യാകുമാരി തീരം, ഗൾഫ് ഓഫ് മന്നാർ, തമിഴ്നാട് തീരം, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നീ സമുദ്ര ഭാഗങ്ങളിൽ യാതൊരു കാരണവശാലും മത്സ്യബന്ധനത്തിനായി പോകാൻ പാടുള്ളതല്ല.
മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വീശിയടിച്ചേക്കാവുന്ന അതിശക്തമായ കാറ്റിനുള്ള മുന്നറിയിപ്പാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പിൽ മാറ്റം വരുന്നത് വരെ കേരള തീരത്ത് നിന്ന് ആരും മൽസ്യബന്ധനത്തിന് പോകരുതെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജ് അറിയിച്ചു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



# തൊടുപുഴയിൽ കുടുംബത്തിന്റെ ആത്മഹത്യാശ്രമം: വീട്ടമ്മ മരിച്ചു, ഭർത്താവും മകളും ഗുരുതരാവസ്ഥയിൽ

തൊടുപുഴ: മണക്കാട് ചിറ്റൂരിൽ ആത്മഹത്യയ്ക്ക് ശ്രമിച്ച ഒരു കുടുംബത്തിലെ മൂന്നുപേരിൽ ഒരാൾ മരിച്ചു. ചിറ്റൂർ സ്വദേശി ജെസിയാണ് (55) മരിച്ചത്. ചൊവ്വാഴ്ച വൈകീട്ട് മൂന്നുമണിയോടെയായിരുന്നു അന്ത്യം. ഇവരുടെ ഭർത്താവ് അങ്കംവെട്ടിക്കവല ഭാഗത്ത് വാടകയ്ക്ക് താമസിക്കുന്ന പുല്ലറയ്ക്കൽ ആന്റണി ആഗസ്തി (59), മകൾ സിൽന (19) എന്നിവർ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്നു. തിങ്കളാഴ്ച വൈകീട്ട് ആറരയോടെയാണ് മൂന്നംഗ കുടുംബം ആത്മഹത്യക്ക് ശ്രമിച്ചത്. വിഷം ഉള്ളിൽച്ചെന്ന് അവശനിലയിലായ ഇവരെ തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. നില ഗുരുതരമായിരുന്നതിനാൽ തിങ്കളാഴ്ചതന്നെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്നു. തൊടുപുഴയിൽ ബേക്കറി നടത്തിയിരുന്ന ആന്റണി പലരിൽനിന്നും പണം കടംവാങ്ങിയിരുന്നതായി നാട്ടുകാർ പറഞ്ഞു. പത്ത് ലക്ഷത്തോളം കടബാധ്യതയുണ്ടെന്നാണ് പോലീസ് നൽകുന്ന വിവരം. രണ്ടുപേർക്ക് തിങ്കളാഴ്ച പണം മടക്കിനൽകാമെന്ന് പറഞ്ഞിരുന്നു. ഇവർ ബേക്കറിയിൽ എത്തിയെങ്കിലും ആരെയും കാണാഞ്ഞതിനെ തുടർന്ന് വീട്ടിൽ അന്വേഷിച്ചെത്തുകയായിരുന്നു. ഫോൺ വിളിച്ചപ്പോൾ വീടിനുള്ളിൽ ബെല്ലടിച്ചെങ്കിലും ആരും എടുത്തില്ല. സംശയം തോന്നി കതകുപൊളിച്ച് അകത്തുകയറിയപ്പോഴാണ് ഇവരെ അവശനിലയിൽ കണ്ടത്. ഉടൻ തന്നെ പോലീസിൽ വിവരമറിയിച്ചു. പിന്നീട് പോലീസും നാട്ടുകാരും ചേർന്ന് ആശുപത്രിയിലെത്തിക്കുകയായിരുന്നു.



# ശിഷ്യയെ പലതവണ പീഡിപ്പിച്ചു; ബലാത്സംഗക്കേസിൽ സ്വയം പ്രഖ്യാപിത ആൾദൈവം ആസാറാം ബാപ്പുവിന് ജീവപര്യന്തം

അഹമ്മദാബാദ്: ബലാത്സംഗക്കേസിൽ സ്വയംപ്രഖ്യാപിത ആൾദൈവം ആസാറാം ബാപ്പു(81)വിന് ജീവപര്യന്തം തടവും 50,000 രൂപ പിഴയും ശിക്ഷ. ഗുജറാത്തിലെ ഗാന്ധിനഗർ സെഷൻസ് കോടതി ജഡ്ജി ഡി.കെ. സോണിയാണ് ശിക്ഷ വിധിച്ചത്. കേസിൽ ആസാറാം ബാപ്പു കുറ്റക്കാരനാണെന്ന് കോടതി കഴിഞ്ഞദിവസം കണ്ടെത്തിയിരുന്നു. 2001 മുതൽ 2006 വരെയുള്ള കാലയളവിൽ സൂറത്ത് സ്വദേശിനിയായ ശിഷ്യയെ മൊട്ടേരയിലെ ആശ്രമത്തിൽവെച്ച് ആസാറാം ബാപ്പു പലതവണ പീഡിപ്പിച്ചെന്നാണ് കേസ്. ആസാറാമിന്റെ ഭാര്യയും മകളും ഉൾപ്പെടെ ആറുപേർ കൂടി ഈ കേസിലെ പ്രതികളായിരുന്നുവെങ്കിലും ഇവരെ കോടതി വെറുതെവിട്ടിരുന്നു. മറ്റൊരു പ്രതി നേരത്തെ മരിച്ചു. 2013-ലാണ് ശിഷ്യയെ ബലാത്സംഗം ചെയ്തെന്ന പരാതിയിൽ പോലീസ് കേസെടുത്തത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചെന്ന കേസിൽ ശിക്ഷിക്കപ്പെട്ട ആസാറാം ബാപ്പു നിലവിൽ രാജസ്ഥാനിലെ ജോധ്പുർ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരികയാണ്. ഇതിനിടെയാണ് ഗുജറാത്തിലെ കേസിലും വിചാരണ പൂർത്തിയാക്കി ശിക്ഷ വിധിച്ചത്. രാജസ്ഥാനിലെ ജയിലിൽ കഴിയുന്ന ആസാറാം ബാപ്പുവിനെ വീഡിയോ കോൺഫറൻസ് വഴിയാണ് ഗുജറാത്തിലെ കോടതിയിൽ വിചാരണയ്ക്കായി ഹാജരാക്കിയത്. ശിക്ഷ വിധിക്കുന്ന ദിവസവും വീഡിയോ കോൺഫറൻസ് വഴി പ്രതിയെ ഹാജരാക്കിയിരുന്നു. പ്രതി സ്ഥിരംകുറ്റവാളിയാണെന്നും ജീവപര്യന്തം ശിക്ഷ വിധിക്കണമെന്നും കനത്ത പിഴ ചുമത്തണമെന്നുമായിരുന്നു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായ ആർ.സി. കൊഡേക്കറിന്റെ വാദം. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാ




# വിമാനത്തിൽ വച്ച്യാത്രക്കാരിയുടെ ദേഹത്ത് മൂത്രമൊഴിച്ച കേസ്; ശങ്കർ മിശ്രയ്ക്ക് ജാമ്യം

**ന്യൂഡൽഹി:** എയർ ഇന്ത്യ വിമാനത്തിൽ വച്ച് സഹയാത്രികയുടെ ദേഹത്ത് മൂത്രമൊഴിച്ച സംഭവത്തിലെ പ്രതി ശങ്കർ മിശ്രയ്ക്ക് ജാമ്യം. ഡൽഹി പട്യാല ഹൗസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. ഒരു ലക്ഷം രൂപ ജാമ്യതുകയായി കോടതിയിൽ കെട്ടിവയ്ക്കണം. നവംബർ 26ന് ന്യൂയോർക്ക്-ഡൽഹി എയർ ഇന്ത്യ വിമാനത്തിൽ വച്ചാണ് ശങ്കർ മിശ്ര, ബിസിനസ് ക്ലാസിലെ യാത്രക്കാരിയായ സ്ത്രീയുടെ മേൽ മൂത്രമൊഴിച്ചത്. സംഭവം പുറത്തറിഞ്ഞാൽ തന്റെ കുടുംബജീവിതത്തെ ബാധിക്കുമെന്നും പൊലീസിൽ പരാതിപ്പെടരുതെന്നും ഇയാൾ സ്ത്രീയോട് അപേക്ഷിച്ചിരുന്നു. എന്നാൽ നിയമനടപടിയുമായി മുന്നോട്ടുപോകാൻ സ്ത്രീ തീരുമാനിച്ചതോടെ സംഭവം പുറത്തറിഞ്ഞു. സംഭവം കഴിഞ്ഞ് ഏറെ വൈകി, ഈ ആഴ്ചയാണ് എയർ ഇന്ത്യ പൊലീസിൽ പരാതി നൽകിയത്. പിന്നാലെ 30 ദിവസത്തേക്ക് എയർ ഇന്ത്യ ശങ്കർ മിശ്രയെ വിമാനയാത്രയിൽ നിന്ന് വിലക്കി. സംഭവം കൈകാര്യം ചെയ്ത ജീവനക്കാരോട് വിശദീകരണം തേടുകയും അന്വേഷണത്തിന് ആഭ്യന്തര സമിതിയെ നിയോഗിക്കുകയും ചെയ്തു. മോശമായോ അനുചിതമായോ പെരുമാറുന്ന യാത്രക്കാർക്കെതിരെ നടപടിയെടുക്കുന്നതിൽ എയർലൈൻ ജീവനക്കാർ പരാജയപ്പെട്ടാൽ കർശന നടപടിയെടുക്കുമെന്ന് ഏവിയേഷൻ റെഗുലേറ്ററായ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) മുന്നറിയിപ്പ് നൽകി.

# ’നെഞ്ചുപിടക്കുന്ന ഒരു മതേതര ഇന്ത്യ നിങ്ങളെ കാത്തിരിക്കുന്നുണ്ട്’ രാഹുലിനെ പ്രശംസിച്ച് ഹരീഷ് പേരടി

ഏറെ നാൾ നീണ്ടുനിന്ന് ഭാരത് ജോഡോ യാത്ര അവസാനിച്ചതിന് പിന്നാലെ രാഹുൽ ഗാന്ധിയെ പ്രശംസിച്ച് നടൻ ഹരീഷ് പേരടി. താരം തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് രാഹുലിനെ പ്രശംസിച്ചത്. ഇന്ത്യ നടന്നു കാണേണ്ടത് തന്നെയാണ് എന്ന ബോദ്ധ്യമാണ് രാഹുലിനെ ഇന്ത്യയുടെ വലിയ രാഷ്ട്രീയ പാഠശാലയിലേക്ക് കൈ പിടിച്ച് ഉയർത്തുന്നതെന്നും നെഞ്ചുപിടക്കുന്ന ഒരു മതേതര ഇന്ത്യ നിങ്ങളെ കാത്തിരിക്കുന്നുണ്ടെന്നും ഹരീഷ് പേരടി കുറിച്ചു.

പോസ്റ്റിന്റെ പൂർണ രൂപം

ഇന്ത്യ നടന്നു കാണേണ്ടത് തന്നെയാണ് എന്ന ബോദ്ധ്യമാണ് രാഹുൽ ജി നിങ്ങളെ ഇന്ത്യയുടെ വലിയ രാഷ്ട്രീയ പാഠശാലയിലേക്ക് കൈ പിടിച്ച് ഉയർത്തുന്നത്...ഈ യാത്ര പൂർത്തിയാക്കുമ്പോൾ ഇന്ത്യയുടെ ആത്മാവ് അറിഞ്ഞ രീതിയിൽ നിങ്ങൾ ഏറെ നവികരിക്കപ്പെട്ടിരിക്കുന്നു എന്നത് തന്നെയാണ് മഹാത്മാവിന്റെ ഓർമ്മകൾ തളം കെട്ടിയ ഈ ജനുവരി 30തിന്റെ രാഷ്ട്രീയ സത്യം ...നെഞ്ചുപിടക്കുന്ന ഒരു മതേതര ഇൻഡ്യ നിങ്ങളെ കാത്തിരിക്കുന്നുണ്ട്...ആശംസകൾ..



136 ദിവസം പിന്നിട്ട് 4080 കിലോമീറ്ററോളം സഞ്ചരിച്ചാണ് രാഹുലിൻറെ ഭാരത് ജോഡോ യാത്ര അവസാനിച്ചത്. 2022 സെപ്തംബർ ഏഴിനാണ് കന്യാകുമാരിയിൽ നിന്ന് രാഹുൽ ഗാന്ധി യാത്ര തുടങ്ങിയത്. നിരവധി രാഷ്ട്രീയ മൂഹൂർത്തങ്ങൾക്കൊപ്പം തന്നെ വിവാദവും നിറഞ്ഞതായിരുന്നു യാത്ര.

# എന്തുകൊണ്ട് വിശാഖപട്ടണത്തെ ജഗൻ ആന്ധ്രയുടെ തലസ്ഥാനമാക്കി; പ്രഖ്യാപനത്തിനു പിന്നിലെ ഏഴ് സവിശേഷതകൾ ഇതാ

വിശാഖപട്ടണം: ആന്ധ്ര പ്രദേശിന്റെ തലസ്ഥാനം വിശാഖപട്ടണമാകുമെന്ന് മുഖ്യമന്ത്രി ജഗൻ മോഹൻ റെഡ്ഡി. തെലങ്കാന സംസ്ഥാനം രൂപികരിച്ചപ്പോൾ നേരത്തെ ആന്ധ്രയുടെ തലസ്ഥാനമായിരുന്ന ഹൈദരാബാദ് തെലങ്കാനയുടെ ഭാഗമായി മാറുകയായിരുന്നു.’വരാനിരിക്കുന്ന ദിവസങ്ങളിൽ നമ്മുടെ തലസ്ഥാനമാകാൻ പോകുന്ന വിശാഖപട്ടണത്തിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുന്നു. ഞാൻ ഉടനെ വിശാഖപട്ടണത്തിലേയ്ക്ക് മാറുമെന്നും’ ജഗൻ മോഹൻ റെഡ്ഡി പറഞ്ഞു. മാർച്ച് മൂന്ന്, നാല് തീയതികളിൽ വിശാഖപട്ടണത്തിൽനടക്കുന്ന നിക്ഷേപക സംഗമത്തിലേയ്ക്കുള്ള ക്ഷണിച്ചുത്തിലൂടെയാണ് മുഖ്യമന്ത്രി ഈ പ്രഖ്യാപനം നടത്തിയത്.

2015ൽ ടി ഡി പി നേതാവ് ചന്ദ്രബാബു നായിഡുവിന്റെ നേതൃത്വത്തിലുള്ള ആന്ധ്ര സർക്കാർ കൃഷ്ണ നദിയുടെ തീരത്തുള്ള അമരവതിയെ പുതിയ തലസ്ഥാനമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ 2022ൽ അമരാവതി, വിശാഖപട്ടണം, കർണൂൽ എന്നീ മൂന്ന് സ്ഥലങ്ങളെ തലസ്ഥാനങ്ങളാക്കാൻ നീക്കം നടന്നു. ഇതിനെതിരെ പ്രതിഷേധം ഉയർന്നതോടെ ഈ നീക്കം ഉപേക്ഷിക്കുയായിരുന്നു.

എന്തുകൊണ്ട് വിശാഖപട്ടണം

തീരദേശ നഗരമായ വിശാഖപട്ടണം ആന്ധ്ര പ്രദേശിലെ ഏറ്റവും വലുതും ജനസംഖ്യ കൂടുതലില്ളതുമായ നഗരമാണ്. വിശാഖപട്ടണത്തിന്റെ പ്രധാന സവിശേഷതകൾ ഇതാണ്.

1. രണ്ട് തുറമുഖങ്ങളുള്ള നഗരം


ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ രണ്ട് തുറമുഖങ്ങൾ ഉള്ള നഗരമാണ്വിശാഖപട്ടണം. വിശാഖ തുറമുഖവും ഗംഗാവരം തുറമുഖവും.

2. ആദ്യത്തെ നാവിക ഷൂട്ടിംഗ് റേഞ്ച്

കിഴക്കൻ നേവൽ കമാൻഡ് ആസ്ഥാനം സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്

3. കിഴക്കൻ തീരത്തിന്റെ രത്നം

കിഴക്കൻ പർവതനിരകൾക്കും ബംഗാൾ ഉൾക്കടലിനും ഇടയിൽ സ്ഥിതി ചെയ്യുന്ന വിശാഖപട്ടണത്തെ ’കിഴക്കൻ തീരത്തിന്റെ രത്നം’ എന്ന് അറിയപ്പെടുന്നു.നിരവധി ബീച്ചുകൾ, മ്യൂസിയങ്ങൾ, ക്ഷേത്രങ്ങൾ എന്നിവയുള്ളതിനാൽ ഇത് ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. ആന്ധ്രാപ്രദേശിലെ ഏറ്റവും വലുതും ജനസാന്ദ്രതയുള്ളതുമായ നഗരം, ഇന്ത്യയുടെ കിഴക്കൻ തീരത്ത് ചെന്നൈ കഴിഞ്ഞാൽ രണ്ടാമത്തെ വലിയ നഗരം കൂടിയാണിത്.



4. ദക്ഷിണേഷ്യയിലെ ആദ്യത്തെ അന്തർവാഹിനി മ്യൂസിയം

1969ൽ ഇന്ത്യൻ നാവിക സേന വാങ്ങിയ ആദ്യത്തെ നാല് അന്തർവാഹിനികളിലൊന്നാണ് ഐ എൻ എസ് കുർസുര. ഇത് 1971 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിരുന്നു. 2001ൽ ഇത് ഡീകമ്മീഷൻ ചെയ്യുകയും 2002 ൽ രാമകൃഷ്ണ ബീച്ചിൽ ഒരു അന്തർവാഹിനി മ്യൂസിയം ഉണ്ടാക്കി അവിടെ സ്ഥാപിക്കുകയും ചെയ്തു. ദക്ഷിണേഷ്യയിലെ ആദ്യ അന്തർവാഹിനി മ്യൂസിയമാണിത്.

5. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന കപ്പൽ നിർമാണ ശാല

1941ൽ ഇവിടെ സ്ഥാപിച്ച ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡാണ് ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള കപ്പൽ നിർമാണ ശാല.

6. അല്ലൂരി സീതാരാമ രാജു വിശാഖപട്ടണം സ്വദേശിയാണ്

ആർ ആർ ആർ ചിത്രത്തിലൂടെ ലോകം മുഴുവൻ അറിഞ്ഞ സ്വാതന്ത്ര സമര സേനാനി അല്ലൂരി സീതാരാമ രാജു വിശാഖപട്ടണം സ്വദേശിയാണ്.

7. ഐ എൻ എസ് അരിഹന്ത് വിശാഖപട്ടണത്തിലാണ് നിർമ്മിച്ചത്

രാജ്യത്തെ ആദ്യ തദ്ദേശീയ ആണവ അന്തർവാഹിനിയായ ’ഐ എൻ എസ് അരിഹന്ത്’ വിശാഖപട്ടണത്തിലാണ് നിർമ്മിച്ചത്. വിനോദസഞ്ചാര കേന്ദ്രങ്ങൾ നിരവധി ഉള്ളതും നിരവധി തന്ത്രപരമായ സവിശേഷതകൾ നിറഞ്ഞതുമായ നഗരമാണ് വിശാഖപട്ടണം.



# കോൺഗ്രസുമായി സഖ്യമല്ല, സീറ്റ് ധാരണമാത്രം; ബിജെപിയെ പരാജയപ്പെടുത്തുകയാണ് ലക്ഷ്യം-മണിക് സർക്കാർ

അഗർത്തല: ത്രിപുര നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസുമായുള്ളത് സഖ്യമല്ല തിരഞ്ഞെടുപ്പ് ധാരണമാത്രമാണെന്ന് സി.പി.എം. പോളിറ്റ് ബ്യൂറോ അംഗം മണിക് സർക്കാർ. ബി.ജെ.പിയെ പരാജയപ്പെടുത്തുകയെന്നതാണ് തങ്ങളുടെ പ്രധാന ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ന്യൂസ് 18-ന് നൽകിയ അഭിമുഖത്തിലായിരുന്നു രണ്ടുപതിറ്റാണ്ട് കാലം സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്ന മണിക് സർക്കാരിന്റെ പ്രതികരണം. ’സംസ്ഥാനത്തിന്റെ വിശാല താത്പര്യത്തിന് വേണ്ടി ബി.ജെ.പിയെ പരാജയപ്പെടുത്തുക എന്നതാണ് തങ്ങളുടെ ലക്ഷ്യം. ആർ.എസ്.എസ്. നിയന്ത്രിക്കുന്ന സർക്കാരാണ് സംസ്ഥാനത്ത് ബി.ജെ.പിയുടേത്. ത്രിപുരയിൽ ജനാധിപത്യം കടുത്ത ആക്രമണം നേരിടുകയാണ്. പൗരന്മാരുടെ മൗലികാവകാശങ്ങൾ അപഹരിക്കപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ബി.ജെ.പി. സർക്കാരിനെ താഴയിറക്കേണ്ടതുണ്ട്. ഈ നിർദ്ദേശവുമായി എല്ലാ മതേതര പാർട്ടികളേയും ഞങ്ങൾ സമീപിച്ചു. കോൺഗ്രസ് ഇതിനോട് പോസിറ്റീവായി പ്രതികരിക്കുകയായിരുന്നു’- സഖ്യത്തെക്കുറിച്ചുള്ള ചോദ്യത്തിന് മണിക് സർക്കാർ മറുപടി പറഞ്ഞു. സഖ്യത്തിൽ അനുവദിച്ച 13 സീറ്റുകൾക്ക് പുറമേ നാല് സീറ്റുകളിൽ കൂടി കോൺഗ്രസ് മത്സരിക്കുന്നതുമായി ബന്ധപ്പെട്ട് തങ്ങളുടെ എതിരഭിപ്രായം അവരുടെ നേതാക്കളെ അറിയിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ഫെബ്രുവരി രണ്ടുവരെ പത്രിക പിൻവലിക്കാൻ സമയമുണ്ട്. ഇതിനുള്ളിൽ പരിഹാരമുണ്ടാവുമെന്നാണ് കരുതുന്നത്. ഇത് തുടരാൻ അനുവദിച്ചാൽ വലിയ പ്രശ്നമാവുമെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസുമായി സഖ്യത്തിലെത്തിയതിൽ തനിക്ക് എതിർപ്പുണ്ടെന്ന പ്രചാരണം ശരിയല്ലെന്ന് മണിക് സർക്കാർ പറഞ്ഞു. ചിലർ ആശയക്കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയാണ്. അവർക്കതിൽ വിജയിക്കാൻ കഴിയില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാന സെക്രട്ടറി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനാൽ പാർട്ടി ആസ്ഥാനം കേന്ദ്രീകരിച്ച് പ്രചാരണത്തിന് ഏകോപനം നൽകാനും പുതുമുഖങ്ങൾക്ക് അവസരം നൽകാനുമാണ് താൻ മത്സരിക്കുന്നതിൽ നിന്ന് മാറി നിൽക്കുന്നതെന്നും മുൻ മുഖ്യമന്ത്രി വ്യക്തമാക്കി.




# പിഎം കെയേഴ്സ് ഫണ്ടിന്റെ വിവരങ്ങൾ വിവരാവകാശം വഴി പുറത്തുവിടാനാകില്ല; കോടതിയിൽ നിലപാട് ആവർത്തിച്ച്പ്രധാനമന്ത്രിയുടെ ഓഫീസ്

**ന്യൂഡൽഹി:** പി എം കെയേഴ്സ് ഫണ്ട് വിവരാവകാശ നിയമത്തിന് കീഴിൽ ഉൾപ്പെടുത്താനാകില്ലെന്ന് ആവർത്തിച്ച് കേന്ദ്രസർക്കാർ. ഫണ്ടിന് കേന്ദ്രസർക്കാരുമായി നേരിട്ട് ബന്ധമില്ലെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് ഡൽഹി ഹൈക്കോടതിയെ സത്യവാങ്മൂലം വഴി അറിയിച്ചു. കേന്ദ്ര, സംസ്ഥാനസർക്കാരുകളുടെ നേരിട്ടോ പരോക്ഷമായ നിയന്ത്രണത്തിലല്ല ഫണ്ട് ഉള്ളതെന്നും സത്യവാങ്മൂലത്തിൽ പറയുന്നു. ഭരണഘടനയുടെ പന്ത്രണ്ടാം അനുച്ഛേദം അനുസരിച്ച് പി എം കെയേഴ്സ് ഫണ്ടിനെ സർക്കാരിന്റെ ഭാഗമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഭിഭാഷകനായ സമ്യക് ഗാങ്വാൾ കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. ഇതിന് മറുപടി നൽകുകയായിരുന്നു പ്രധാനമന്ത്രിയുടെ ഓഫീസ്. പബ്ലിക് ചാരിറ്റബിൾ ഫണ്ട് എന്ന നിലയിലെ സംരംഭമാണ് പി എം കെയേഴ്സ് ഫണ്ട്. ലഭിക്കുന്ന സംഭാവനകൾ ഏത് വിധേനെ വിനിയോഗിക്കണം എന്നതിന് മാർഗരേഖ തയ്യാറാക്കാനാവില്ല. എന്നാൽ ഫണ്ടിലേയ്ക്ക് വരുന്ന സംഭാവനകളെക്കുറിച്ചും നൽകി വരുന്ന സഹായങ്ങളെക്കുറിച്ചും പി എം കെയേഴ്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതായും വിശദീകരണമുണ്ട്. പാർലമെന്റിന്റേയോ നിയമനിർമാണ സഭകളുടെയോ അടിസ്ഥാനത്തിലല്ല ഫണ്ട് പ്രവർത്തിക്കുന്നത്. പൊതുഖജനാവിൽ നിന്നും ഒരു രൂപ പോലും ഫണ്ടിലേയ്ക്ക് നൽകുന്നില്ല അതുകൊണ്ട്തന്നെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നും കോടതിയെ പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചിട്ടുണ്ട്. ഫണ്ടിന്റെ ഓഡിറ്റ് യഥാക്രമം പ്രസിദ്ധീകരിക്കാറുണ്ടെന്നും പിഎംഒ അവകാശപ്പെട്ടു.



# ആരും കാണാത്ത തവളയെ സംസ്ഥാന ജീവിയായി പ്രഖ്യാപിക്കേണ്ടെന്ന് മുഖ്യമന്ത്രി; പാതാള തവളയെ സംസ്ഥാന തവളയാക്കാനുള്ള നീക്കം ഉപേക്ഷിച്ചു

തിരുവനന്തപുരം: വളരെ അപൂർവമായി മാത്രം കാണപ്പെടുന്ന പാതാള തവളയെ സംസ്ഥാന തവളയായി പ്രഖ്യാപിക്കുന്നതിനുള്ള നീക്കം ഉപേക്ഷിച്ചു.

സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വച്ച ശുപാർശയിൽ വന്യജീവി ബോർഡിൽ പോലും ആരും കാണാത്ത തവളയെ സംസ്ഥാനജീവിയായി പ്രഖ്യാപിക്കേണ്ട എന്ന് മുഖ്യമന്ത്രി നിലപാട് എടുത്തതോടെയാണ് യോഗം ശുപാർശ തള്ളിയത്. ചീഫ് വൈൽഡ് ലൈഫ് വാർഡനാണ് ഈ തവളയെ സംസ്ഥാന തവളയാക്കാൻ ശുപാർശ മുന്നോട്ട് വച്ചത്.

364 ദിവസവും ഭൂമിക്കടിയിലും കേവലം ഒരുദിവസം മാത്രം പുറത്തും കാണപ്പെടുന്ന അത്യപൂർവ ഇനത്തിൽപെട്ട തവളയാണ് പാതാളതവള. പശ്ചിമഘട്ടത്തിൽ വള

# ധൻബാദിൽ ബഹുനില കെട്ടിടത്തിൽ വൻ അഗ്നിബാധ; 14 പേർ വെന്ത് മരിച്ചു, 12 പേർക്ക് പരിക്ക്, നിരവധിയാളുകൾ കുടുങ്ങി



ധൻബാദ്: ജാർഖണ്ഡിലെ ധൻബാദിൽ ബഹുനില കെട്ടിടത്തിലുണ്ടായ വൻ തീപിടുത്തത്തിൽ 14 പേർ മരിച്ചു. 12ഓളം പേർക്ക് പരിക്കേറ്റതായാണ് ധൻബാദ് എസ്.എസ്.പി സഞ്ജീവ് കുമാർ അറിയിച്ചത്. നിരവധി പേർ ഇപ്പോഴും കെട്ടിടത്തിൽ കുടുങ്ങിക്കിടക്കുകയാണെന്നാണ് വിവരം. അഗ്നിബാധ ഇനിയും നിയന്ത്രണത്തിലാക്കാൻ കഴിഞ്ഞിട്ടില്ല. ധൻബാദിലെ ജോറഫടക് മേഖലയിൽ ആശിർവാദ് ടവറിനാണ് വൈകിട്ട് ആറ് മണിയോടെ തീപിടിച്ചത്. അഗ്നിബാധയ്ക്കുള്ള കാരണം കണ്ടെത്താനായിട്ടില്ല. 10 വനിതകളും മൂന്ന് കുട്ടികളും മരിച്ചവരുടെ കൂട്ടത്തിലുണ്ട്. സംഭവത്തിൽ ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ ദു:ഖം രേഖപ്പെടുത്തി. സംഭവത്തിൽ രക്ഷാപ്രവർത്തനം തുടരുന്നതായും വേണ്ട മെഡിക്കൽ സഹായം ഉറപ്പുവരുത്തുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

# കളരിപ്പയറ്റിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് ആശംസകളുമായി സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്



തിരുവനന്തപുരം: ഗ്വാളിയോറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ കേരളത്തെ പ്രതിനിധികരിച്ച് കളരിപ്പയറ്റിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് ആശംസകളുമായി സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് മേഴ്സികുട്ടൻ. കളരിപ്പയറ്റ് മത്സരാർത്ഥികൾക്ക് പ്രതീകാത്മകമായി വാളും പരിചയും നൽകി അനുമോദിക്കവെയാണ് മേഴ്സികുട്ടൻ ആശംസ നേർന്നത്. ഇത്തവണ ഗ്വാളിയോറിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിലെ കളരിപ്പയറ്റ് ഇനത്തിലെ മത്സരങ്ങൾ നടക്കുന്നത് ഫെബ്രുവരി 8, 9, 10 തീയതികളിൽ ആണ്. കഴിഞ്ഞ തവണ 15 മെഡലുകൾ നേടി ഖേലോ ഇന്ത്യയിൽ ഏറ്റവും മികച്ച പ്രകടനം നടത്തിയതും കളരിപ്പയറ്റ് മത്സരാർത്ഥികളായിരുന്നു. കേരളത്തിൽ നിന്ന് 63 മത്സരാർത്ഥികളും 20 കോച്ചുമാരുമടങ്ങുന്ന സംഘമാണ് ഗ്വാളിയോറിലേക്ക് തിരിക്കുന്നത്. സായ് ഘചകജ്ജ ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുക. സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ഓ കെ വിനീഷ്, സെക്രട്ടറി ലീനാ കുമാരി ഒപ്പം നാഷണൽ കളരിപ്പയറ്റ് ഫെഡറേഷൻ സെക്രട്ടറി ജനറൽ അഡ്വ. പൂന്തുറ സോമൻ, ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷൻ ടെക്നിക്കൽ അഡീഷണൽ ഡയറക്ടർ. ജി. രാധാകൃഷ്ണനും എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



# കേരളം വികസനത്തോട് സൗഹൃദമല്ലാത്ത നാടെന്ന കാഴ്ചപ്പാട് നിലവിലുണ്ട്- ശശി തരൂർ

**ഡൽഹി:** മലയാളികൾക്കിടയിൽ ഭൂരിപക്ഷമെന്നോ ന്യൂനപക്ഷമെന്നോയുള്ള വിചാരമില്ലെന്ന് ഡോ. ശശി തരൂർ എം.പി. കേരളമെന്ന വികാരമാണ് മലയാളിക്ക് ആദ്യം വരുകയെന്നും സംസ്ഥാനത്ത് എല്ലാവരെയും ഒരുപോലെയാണ് കാണുന്നതെന്നും തരൂർ അഭിപ്രായപ്പെട്ടു. മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിന്റെ ഭാഗമായി നടത്തിയ പ്രഭാഷണപരമ്പരയിൽ നൂറാം പ്രഭാഷണം ഡൽഹിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളം വികസനസൗഹൃദമല്ലാത്ത നാടാണെന്ന കാഴ്ചപ്പാട് നിലവിലുണ്ട്. സാമ്പത്തിക പുരോഗതിക്ക് ഇന്ത്യയിൽ ശരാശരി 180 ദിവസമെടുക്കുമ്പോൾ കേരളത്തിൽ 240 ദിവസമെടുക്കും. അവശ്യസേവനവിഭാഗത്തിലുള്ള ആശുപത്രിയുണ്ടാക്കാൻ അനുമതികൾ നേടാനും മറ്റും നാലുവർഷമെടുക്കും. രാജ്യത്തെങ്ങുമില്ലാത്ത നോക്കുകൂലി കേരളത്തിലുണ്ട്. വ്യവസായ സൗഹൃദമാക്കാൻ യു.ഡി.എഫ്. പ്രകടനപത്രിക തയ്യാറാക്കിയിരുന്നു. ജനങ്ങളെ ബുദ്ധിമുട്ടിച്ചുള്ള ഹർത്താൽ അംഗീകരിക്കാനാവില്ല. പ്രതിഷേധിക്കാൻ അവകാശമുണ്ടെങ്കിലും മറ്റുള്ളവരുടെ അവകാശങ്ങൾ കവരാൻ ആർക്കും അവകാശങ്ങളില്ല. മറ്റു സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത ഹർത്താലുകൾ ഇല്ലാതാക്കാൻ രാഷ്ട്രീയപ്പാർട്ടികൾ ഒന്നിച്ചു മുന്നോട്ടുവരണമെന്നും തരൂർ ആവശ്യപ്പെട്ടു. കേരളത്തിൽ സ്ത്രീകൾക്ക് സന്ധ്യ കഴിഞ്ഞാൽ പുറത്തിറങ്ങാൻ കഴിയുന്നില്ല . യുവതലമുറ മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്നതിന്റെ പ്രധാന കാരണം ഇതാണെന്നും തരൂർ വ്യക്തമാക്കി. പുറത്ത് ജോലിയുള്ള മലയാളിക്ക് കേരളത്തിൽ തൊഴിലവസരങ്ങളില്ല. കശ്മീർ കഴിഞ്ഞാൽ രാജ്യത്ത് തൊഴിലില്ലായ്മയിൽ മുന്നിലുള്ളത് കേരളമാണ്. മറ്റു സംസ്ഥാനങ്ങളിൽ വിദഗ്ധരല്ലാത്തവരാണ് തൊഴിൽ തേടുന്നതെങ്കിൽ കേരളത്തിൽ അഭ്യസ്തവിദ്യർക്കാണ് തൊഴിൽലഭിക്കാത്തത്. അതിനാൽ കേരളത്തിലെ യുവജനങ്ങൾ പുറത്തേക്കുപോവുന്നു. തിരിച്ചെത്തുന്ന പ്രവാസികൾക്ക് കേരളത്തിൽ തൊഴിൽ നൽകാനാകുന്ന സാഹചര്യമൊരുക്കണം -തരൂർ പറഞ്ഞു. മാതൃഭൂമിയുടെ ശതാബ്ദിയുടെ പശ്ചാത്തലത്തിൽ രാജ്യത്തിന് അകത്തും പുറത്തുമായി തിരഞ്ഞെടുക്കപ്പെട്ട 100 സ്ഥലങ്ങളിൽ നടന്ന പ്രഭാഷണങ്ങളിൽ അവസാനത്തേതാണ് ഡൽഹിയിൽ നടന്നത്. ക്രൈസ്റ്റ് കല്പിത സർവകലാശാലയുമായി സഹകരിച്ചാണ് പരിപാടി നടത്തിയത്. ജസ്റ്റിസ് വി. ചിദംബരേഷ്, പി.വി. അബ്ദുൾ വഹാബ് എം.പി., ഡൽഹിയിലെ കേരളത്തിന്റെ പ്രത്യേക പ്രതിനിധി കെ.വി. തോമസ്, ഡൽഹിയിലെ കേരളത്തിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി, മുൻ സ്വീഡിഷ് അംബാസഡർ ബാനശ്രീ ബോസ് ഹാരിസൺ, ഇറ്റാലിയൻ എംബസി കൾച്ചറൽ സെന്റർ അഡ്മിനിസ്ട്രേറ്റർ ക്ലോഡിയ, സ്വീഡിഷ് എംബസി ഡെപ്യൂട്ടി ചീഫ് ഡി മിഷൻ ക്രിസ്റ്റ്യൻ കാമിൽ, സുബ്ബു റഹ്മാൻ, സതീഷ് നമ്പൂതിരിപ്പാട്, ബാബു പണിക്കർ, കെ. രഘുനാഥ്, ഫാ. റോബി കണ്ണൻചിറ, രാജൻ സിറിയക്ക്, മാനുവേൽ മെഴുക്കനാൽ തുടങ്ങിയവരും ഡൽഹിയിലെ വിവിധ സർവകലാശാലകളിൽനിന്നുള്ള വിദ്യാർഥികളും പങ്കെടുത്തു.

# പൊലീസെന്ന പേരിൽ വൃദ്ധയിൽ നിന്ന് ഏഴുപവന്റെ സ്വർണാഭരണങ്ങൾ തട്ടിയെടുത്തു; കവർച്ചാ സംഘത്തെ ഓടിച്ചിട്ട് പിടികൂടി പൊലീസ്




**കൊച്ചി:** പൊലീസ് ഉദ്യോഗസ്ഥരാണെന്ന വ്യാജേന വൃദ്ധയെ തടഞ്ഞ് ഭീഷണിപ്പെടുത്തി ഏഴുപവൻ സ്വർണാഭരണങ്ങൾ കവർന്ന സംഘത്തിലെ നാലുപേർ പിടിയിൽ. സംഘത്തിലെ കൂട്ടാളികൾക്കായി പൊലീസ് അന്വേഷണം ഊർജിതമാക്കി. കർണാടക ഭട്കൽ സ്വദേശികളാണ് പിടിയിലായത്. മൊബൈൽടവർ ലൊക്കേഷൻ പിന്തുടർന്ന് മുളവുകാട് ഭാഗത്തുവച്ച് സാഹസികമായാണ് പ്രതികളെ പൊലീസ് പിടികൂടിയത്. സംസ്ഥാന വ്യാപകമായി ഇവർ കവർച്ച നടത്തിയിട്ടുണ്ടെന്ന് എറണാകുളം സൗത്ത് പൊലീസ് അറിയിച്ചു. തൃശൂർ പൊലീസ് സംഘവും കൊച്ചിയിൽ എത്തിയിട്ടുണ്ട്. മോഷ്ടാക്കളെ എറണാകുളം എ സി പി പി. രാജ്കുമാറിന്റെ നേതൃത്വത്തിൽ ചോദ്യം ചെയ്തുവരികയാണ്. ഏറെക്കാലമായി സൗത്തിൽ താമസിക്കുന്ന മരട് സ്വദേശിനിയായ വൃദ്ധയാണ് കവർച്ചയ്ക്ക് ഇരയായത്. ഈമാസം 16ന് സൗത്ത് ഓവർ ബ്രിഡ്ജിന് സമീപത്തെ റോഡിൽ വച്ചാണ് സംഭവം. മലയാളത്തിൽ സംസാരിച്ച ഇവർ നടുറോഡിൽ വച്ച് മാലയും വളയും മോതിരവും ഊരിവാങ്ങുകയായിരുന്നു. സംഘത്തിൽ കൂടുതൽപേരുണ്ടെന്നും ഇവർക്കായി അന്വേഷണം ഊർജ്ജിതമാക്കിയെന്നും പൊലീസ് പറഞ്ഞു.

# ക്ലാസിനിടയിൽ പോൺ വീഡിയോ പ്രദർശിപ്പിച്ച്അദ്ധ്യാപകൻ; പരാതിപ്പെട്ടിട്ടും സ്കൂൾ അധികൃതർ നടപടി സ്വീകരിച്ചില്ലെന്ന് ആക്ഷേപം

**ന്യൂഡൽഹി:** അദ്ധ്യാപകൻ ക്ലാസിനിടയിൽ വിദ്യാർത്ഥിനികളെ പോൺ വീഡിയോ കാണിച്ചതായി പരാതി. മഹാരാഷ്ട്ര കോൽഹാപൂരിലെ വിദ്യാലങ്കാർ ഷെൽവാദി സ്കൂളിലെ അദ്ധ്യാപകനായ വി പി ബങ്ദിയ്ക്കെതിരെയാണ് പരാതി ഉയർന്നിരിക്കുന്നത്. വിദ്യാർത്ഥിനികളും രക്ഷിതാക്കളുമടക്കം ഇയാൾക്കെതിരെ ഗുരുതര ആരോപണവുമായി രംഗത്തെത്തി. ഇയാൾസ്കൂളിലെ ഒമ്പത്,പത്താം ക്ലാസ് വിദ്യാർത്ഥിനികൾക്ക് മുൻപിലാണ് അശ്ളീല വീഡിയോ പ്രദർശിപ്പിച്ചതെന്നാണ് പരാതി. സംഭവത്തിന് പിന്നാലെ ബങ്ദിയെ മറ്റൊരു സ്കൂളിലേയ്ക്ക് ശിക്ഷാനടപടിയെന്നോണം സ്ഥലം മാറ്റിയിരുന്നു. എന്നാൽ കടുത്ത നടപടി സ്വീകരിക്കാതെ അദ്ധ്യാപകനെ സംരക്ഷിക്കുന്ന നടപടിയാണ് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായത് എന്നാണ് ആക്ഷേപം. ഇംഗ്ളീഷ് വിഭാഗത്തിലെ അദ്ധ്യാപകനായ ബങ്ദി കഴിഞ്ഞ രണ്ട് വർഷമായി അശ്ളീല വീഡിയോ പ്രദർശിപ്പിച്ച് വന്നതായാണ് വിദ്യാർത്ഥിനികളുടെ പരാതി. കൂടാതെ ദുരുദ്ദേശത്തോടെ ശരീരത്തിൽ സ്പർശിച്ചതായും പരാതിയിൽ പറയുന്നുണ്ട്. പരാതിപ്പെട്ടിട്ടും ആരോപണവിധേയനായ അദ്ധ്യാപകനെ ജില്ലയിലെ തന്നെ മറ്റൊരു സ്കൂളിലേയ്ക്ക് സ്ഥലം മാറ്റി നടപടികൾ അവസാനിച്ചതായും കർശനമായ തുടർനടപടികൾ സ്വീകരിക്കണമെന്നുമാണ് പരാതിക്കാരുടെ ആവശ്യം. സംഭവം വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതായും ഉടനെ തടന്നെ ഉചിതമായ നടപടികൾ സ്വീകരിക്കപ്പെടുമെന്നാണ് വിവരം.



# ചിന്താ ജെറോമിന്റെ ഗവേഷണ പ്രബന്ധ വിവാദം; ഗവർണറുടെ ഇടപെടലിന് പിന്നാലെ കേരള സർവകലാശാല നടപടികൾ ആരംഭിച്ചു

തിരുവനന്തപുരം: യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോമിന്റെ ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ട വിവാദത്തിൽ കേരള സർവകലാശാല നടപടികൾ ആരംഭിച്ചു. യുവ സിപിഎം നേതാവിന്റെ പ്രബന്ധത്തിലെ വാഴക്കുല വൈലോപ്പിള്ളിയുടേത് എന്ന പരമാർശവും പ്രമേയത്തിലെ കോപ്പിയടി ആരോപണവും വിവാദമായിരുന്നു. ഇതിന് പിന്നാലെയാണ് നടപടി. വിഷയത്തിൽ ചിന്തയുടെ ഗൈഡിന്റെ വിശദീകരണം തേടാൻ വിസി രജിസ്ട്രാർക്ക് നിർദേശം നൽകി. ഓപ്പൺ ഡിഫൻസിന്റെ വിവരങ്ങളും പരിശോധിക്കും. വിവാദത്തിൽ സർവകലാശാല ചാൻസലർ കൂടിയായ ഗവർണറും ഇടപ്പെട്ടിരുന്നു. ഗവേഷണ പ്രബന്ധത്തിലെ പിഴവുകളെക്കുറിച്ച് ആരിഫ് മുഹമ്മദ് ഖാൻ വിസിയോട് റിപ്പോർട്ട് തേടിയിരുന്നു. ഇതിന് പിന്നാലെയാണ് സർവകലാശാല തിരക്കിട്ട്



അന്വേഷണ നടപടികൾ ആരംഭിച്ചത്. അതേ സമയം വിവാദത്തിൽ ഇന്ന് ചിന്താ ജെറോം പ്രതികരണം നടത്തിയിരുന്നു. ഗവേഷണ പ്രബന്ധം എഴുതിയ ഘട്ടത്തിൽ സാന്ദർഭികമായാണ് വാഴക്കുലയെപ്പറ്റി പരമാർശിച്ചതെന്നും അതിൽ നോട്ടപ്പിശക് ഉണ്ടായി എന്നുമായിരുന്നു വിശദീകരണം. തെറ്റ് ചൂണ്ടിക്കാട്ടിയവർക്ക് നന്ദി രേഖപ്പെടുത്തിയ അവർ ഗവേഷണ പ്രബന്ധം പുസ്തകമാക്കുമ്പോൾ പൂർണമായ അർഥത്തിൽ പിശക് തിരുത്തുമെന്നും അറിയിച്ചു

# കാഴ്ചയില്ലാത്തവർക്ക് വരുമാനമുറപ്പാക്കാൻ ചൂലാല; ബിനാലെ ശിൽപശാല ശ്രദ്ധേയം





**കൊച്ചി:** സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതെന്ന കൊച്ചി മുസിരിസ് ബിനാലെയുടെ അടിസ്ഥാനതത്വത്തെ സാർത്ഥകമാക്കുന്നതായി ഫോർട്ട് കൊച്ചി കബ്രാൾ യാർഡിലെ ആർട്ട്റൂമിൽ സംഘടിപ്പിച്ച 'ചൂലാല വെറും ചൂലല്ല' ശിൽപശാല. കാഴ്ചയില്ലാത്തവർക്ക് വരുമാനം കണ്ടെത്താൻ കാഞ്ഞിരമറ്റം സ്വദേശിയായ ഡിസൈനർ ലക്ഷ്മി മേനോൻ ആവിഷ്കരിച്ച ചൂലാല എന്ന ആശയം പ്രയോഗതലത്തിലാകുന്ന വിധം വ്യക്തമാക്കിയ ശിൽപശാല ഏറെ ശ്രദ്ധ പിടിച്ചുപറ്റി.വിത്തുപേനയും പ്രളയകാലത്ത് ചേക്കുട്ടി പാവയും കോവിഡ് കാലത്ത് 'ശയ്യ' കിടക്കയും അമ്മൂമ്മത്തിരിയുമൊക്കെയായി നിരാലംബർക്കും അവശർക്കുമായി 16 ആശയങ്ങൾ ഇതുവരെ ആവിഷ്കരിച്ചിട്ടുണ്ട് ലക്ഷ്മി മേനോൻ. പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സ്വന്തം വരുമാനത്തിന്റെ പിൻബലത്തിൽ വ്യക്തിഗത സാമൂഹ്യപ്രതിബദ്ധത എന്ന നിലയ്ക്കാണ് ലക്ഷ്മി സംരംഭങ്ങൾ തുടങ്ങുന്നത്. പിന്നീട് സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി ഏറ്റെടുത്തുകൊള്ളുമെന്ന് അവർ പറയുന്നു.കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ പോത്താനിക്കാട് ട്രെയിനിങ് കം പ്രൊഡക്ഷൻ കേന്ദ്രത്തിലെ ഒരുപറ്റം സ്ത്രീകൾക്ക് എന്തെങ്കിലും വരുമാനമാർഗം ആവിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെത്തതിനെത്തുടർന്നാണ് രണ്ടുമാസത്തിലേറെ മുമ്പ് ചൂലാലയുടെ തുടക്കം. ഈർക്കിൽ കോർത്തും നെയ്തും തയ്യാറാക്കുന്ന ചെറിയ ചൂലുകളാണ് ചൂലാല. പക്ഷെ അത് വെറും ചൂലല്ല. അലങ്കാര വസ്തുവായും ഉപയോഗിക്കാം. ഇത് മെനയുന്നവർക്ക് കാണാൻ കഴിയുന്നില്ല. എന്നാൽ അവരുടെ കരവിരുതിൽ രൂപമെടുക്കുന്ന സുന്ദര സൃഷ്ടികൾ കാഴ്ചയുള്ളവർ കണ്ട് ആസ്വാദിക്കട്ടെ. കാണത്തക്ക ഇടത്ത് ചൂൽ വയ്ക്കാൻ സാഹചര്യമൊരുക്കുന്നത് അതുകൊണ്ടാണ്.ചൂലിനെക്കുറിച്ച് ഇതുവരെയുണ്ടായിരുന്ന സങ്കൽപ്പങ്ങളെയല്ലാം തകർക്കുന്നതുമാണ് ചൂലാലയെന്ന് ലക്ഷ്മി മേനോൻ ചൂണ്ടിക്കാട്ടി. ''നമ്മുടെ എല്ലാ വൃത്തികേടുകളും തൂത്തുവാരുന്ന ചൂൽ പക്ഷെ അപശകുനമായും വെറുക്കപ്പെട്ടതുമായാണ് പൊതുവെ കാണുന്നത്. ഈ മനോഭാവത്തോടുള്ള തിരസ്കാരമാണ് ഷോകേസുകളിൽ ചൂലാല ഇടംപിടിച്ചു തുടങ്ങിയതോടെ സാധ്യമായത്.' മറ്റുസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ചൂലിന് പകരം നമ്മുടെ ഈർക്കിൽ ചൂലുകൾ കൂടുതൽ വ്യാപകമാകാനും ശാരീരിക പരിമിതികളുള്ളവർക്ക് വരുമാന വർധന ഉണ്ടാകാനും ഉള്ള ശ്രമങ്ങളിലാണ് ലക്ഷ്മി. ബിനാലെയിൽ ലഭിച്ച അവസരം ആ ദിശയിൽ വളരെയധികം പ്രയോജനപ്പെടുമെന്നും അവർ പറഞ്ഞു.

## കൊച്ചി ബിനാലെ ലോകത്തെ തന്നെ മഹത്തായ കലാപ്രദർശനം: ജർമ്മൻ അംബാസഡർ





**കൊച്ചി:** ലോകത്തെ തന്നെ മഹത്തായ കലാപ്രദർശനമാണ് കൊച്ചി മുസിരിസ് ബിനാലെയെന്ന് ഇന്ത്യയിലെ ജർമ്മൻ അംബാസഡറും കലാചരിത്ര പണ്ഡിതനമായ ഡോ ഫിലിപ്പ് അക്കർമാൻ. കരുത്തും ഓജസ്സുമുറ്റ രാഷ്ട്രീയം ഉൾക്കൊള്ളുന്ന സൃഷ്ടികളാണ് കൊച്ചി ബിനാലെയിൽ ദൃശ്യമാകുന്നത്. ആന്തരികാർത്ഥങ്ങൾ ബോധ്യപ്പെടുത്തുന്ന, പുതിയ അവബോധമുണ്ടാക്കുന്ന, പ്രതികരിക്കുന്നവയാണ് ബിനാലെയിലെ പ്രകാശനങ്ങൾ. ഇത് കേവലം സാധാരണ പ്രദർശനമല്ല.ഇന്ത്യൻ കലാകാരൻമാരുടെ സൃഷ്ടികൾ വിസ്മയിപ്പിച്ചു. പാക്, ബംഗ്ലാദേശി കലാപ്രവർത്തകരുടെ സൃഷ്ടികളിലും ജീവിതാനുഭവങ്ങൾ സമൃദ്ധം. സാമൂഹ്യ രാഷ്ട്രീയ പ്രമേയങ്ങളും ശ്രദ്ധേയം. വ്യക്തവും കൃത്യവുമായ ദിശാബോധത്തോടെയാണ് കൊച്ചി ബിനാലെ ക്യൂറേറ്റ് ചെയ്തിരിക്കുന്നത്. മലയാളി കലാപ്രവർത്തകരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നതായി കലാചരിത്രത്തിൽ ഡോക്ടറേറ്റുള്ള ഫിലിപ്പ് അക്കർമാൻ പറഞ്ഞു.മണിക്കൂറുകളെടുത്ത് രണ്ടുദിവസം വിശദമായി കലാവതരണങ്ങൾ വിലയിരുത്തിയ അദ്ദേഹം കേരളത്തിന് എന്തുകൊണ്ടും അഭിമാനിക്കാനാകുന്ന സംരംഭമാണ് ബിനാലെയെന്ന് അഭിപ്രായപ്പെട്ടു. ഡോ ഫിലിപ് അക്കർമാനെ ഫോർട്ടുകൊച്ചി ആസ്പിൻവാൾ ഹൗസിൽ ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി സ്വീകരിച്ചു.




KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

## കെഎസ്എഫ്ഇ ഭദ്രതാ സ്മാർട്ട് ചിട്ടിയുടെ കാലാവധി ദീർഘിപ്പിച്ചു

സംസ്ഥാനത്ത് കെഎസ്എഫ്ഇ ഭദ്രതാ സ്മാർട്ട് ചിട്ടി 2022– ന്റെ കാലാവധി നീട്ടി. റിപ്പോർട്ടുകൾ പ്രകാരം, ഫെബ്രുവരി 28 വരെയാണ് സമയപരിധി ദീർഘിപ്പിച്ചിരിക്കുന്നത്.മുൻപ് ജനുവരി 31–ന് അവസാനിക്കുമെന്ന് കെഎസ്എഫ്ഇ അറിയിച്ചിരുന്നു. ഏറെ സുരക്ഷിതവും ആനുകൂല്യവും നൽകുന്ന ചിട്ടിയാണ് ഭദ്രതാ സ്മാർട്ട് ചിട്ടി– 2022. അതേസമയം, ചിട്ടിയിൽ അംഗമാകുന്ന വരെ കാത്തിരിക്കുന്നത് ഒട്ടനവധി സമ്മാനങ്ങളാണ്. സാധാരണക്കാർക്ക് ഏറെ സഹായമാകുന്ന തരത്തിലാണ് കെഎസ്എഫ്ഇ ഓരോ ചിട്ടികളും രൂപകൽപ്പന ചെയ്തിരിക്കുന്നത്.ചിട്ടിയിൽ ചേരുന്ന തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ഒരു കോടി രൂപ വിലമതിക്കുന്ന ഫ്ലാറ്റ് ഒന്നാം സമ്മാനമായി നൽകുന്നതാണ്. രണ്ടാം സമ്മാനം 70 പേർക്ക് ടാറ്റ ടിഗോർ ഇലക്ട്രിക് കാറുകൾ, മൂന്നാം സമ്മാനം 1,000 പേർക്ക് ഹീറോ ഇലക്ട്രിക് സ്കൂട്ടറുകൾ എന്നിവയാണ് നൽകുന്നത്. ലാഭത്തിന്റെ ഒരു വിഹിതം ഉപഭോക്താക്കൾക്ക് തിരിച്ചു നൽകുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ സമ്മാനങ്ങൾ അംഗങ്ങൾക്ക് നൽകുന്നത്. ഏകദേശം 10.5 കോടിയോളം രൂപ വിലയുള്ള സമ്മാനങ്ങളാണ് നൽകുന്നത്.



# ഇന്ത്യ ന്യൂസിലാൻഡ് അവസാന ടി20 ഇന്ന്

ഇന്ത്യ ന്യൂസിലാൻഡ് അവസാന ടി20 ഇന്ന് അഹമ്മദാബാദിൽ നടക്കും. ഇന്ന് നയിക്കുന്നവർക്ക് പരമ്പര. ഓരോ മത്സരവും ജയിച്ച് ഇരു ടീമുകളും 1-1 എന്ന സമനിലയിൽ ആയതിനാൽ ഇന്ന് ജയിക്കുന്നവർക്ക് പരമ്പര സ്വന്തമാക്കാം. വൈകീട്ട് ഏഴിനാണ് മത്സരം.ഇന്ത്യൻ നിരയിൽ പൃത്വി ഷാ ഇന്ന് ഇടം പിടിച്ചേക്കും. ശുഭ്മാൻ ഗിൽ രാഹുൽ ത്രിപാഠി എന്നിവരിലൊരാൾ പുറത്തിരിക്കേണ്ടിവരും. ഇഷാൻ കിഷൻ തുടരും.അതേസമയം ലഖ്നൗ ടി20യിൽ റൺസെടുക്കാൻ ബാറ്റർമാർ പാടുപെട്ടപ്പോൾ പഴികേട്ടത് ക്യൂറേറ്റർ സുരേന്ദർ കുമാറായിരുന്നു. ക്യാപ്റ്റൻ ഹാർദിക് പണ്ഡ്യ പിച്ചിനെതിരെ പരസ്യമായി വിമർശനം നടത്തിയപ്പോൾ പിന്നാലെ സുരേന്ദറിനെ ബിസിസിഐ പുറത്താക്കി. എന്നാൽ തങ്ങൾ ഏത് പിച്ചിലും കളിക്കാൻ താരങ്ങൾ തയ്യാറാവണമെന്നായിരുന്നു സൂര്യകുമാറിൻറെ പ്രതികരണം.അതേസമയം കണക്കുകളിൽ ഇന്ത്യക്കാണ് മുൻതൂക്കം. ടീം ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ ഇതുവരെ 26 രാജ്യാന്തര ടി20കളിലാണ് മുഖാമുഖം വന്നിട്ടുള്ളത്. ഇന്ത്യ 13 ഉം കിവികൾ 10 ഉം മത്സരങ്ങൾ വീതം ജയിച്ചപ്പോൾ ഒരു മത്സരത്തിൽ ഫലം സമനിലയായി. അവസാന പത്തുവർഷത്തിനിടെ ഓസ്ട്രേലിയയും ദക്ഷിണാഫ്രിക്കയും മാത്രമേ ഇന്ത്യയിൽ ടി20 പരമ്പര നേടിയിട്ടുള്ളൂ. 55 പരമ്പരകളിൽ 47ലും ഇന്ത്യക്കായിരുന്നു ജയം.

EDITORS CHOICE




# ഇന്ത്യൻ തീരസംരക്ഷണസേന ദിനം

ഇന്ത്യൻ തീരസംരക്ഷണസേന ഇന്ത്യൻ സൈന്യത്തിലെ നാലാമത്തെ വിഭാഗമാണ്. പേര് സൂചിപ്പിക്കുന്നതുപോലെ തീരസംരക്ഷണത്തിലാണ് ഇവരുടെ പ്രധാന ധർമ്മം.ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലാണ് ഇന്ത്യൻ തീരസംരക്ഷണ സേന വരുന്നത്.യുദ്ധസമയത്ത് ഇന്ത്യൻ നേവിയ്ക്ക് വേണ്ട സയന്റിഫിക്ക് വിവരങ്ങൾ കൈമാറുന്നതും. ആ വിവരങ്ങൾ സൂക്ഷിച്ച് വയ്ക്കുന്നതും തീരസംരക്ഷണ സേനയാണ്. കടൽ സമുദ്രാതിർത്തിയിലെ നിയമ ലംഘനങ്ങൾ കൈകാര്യം ചെയ്യുന്നതും, സംശയാസ്പദമായ ബോട്ടുകളും മറ്റും പരിശോധിക്കുന്നതും പ്രതിരോധ മന്ത്രാലയത്തിന്റെ ഈ വിംഗ് ആണ്. സമുദ്രാതിർത്തിക്കുള്ളിലെ എല്ലാ കാര്യങ്ങളും മോണിറ്റർ ചെയ്യുന്നതും ഈ സേനയുടെ ചുമതലയാണ്. തീരസംരക്ഷണസേനയുടെ ആപ്തവാക്യം (വയം രക്ഷാം/ഞങ്ങൾ സംരക്ഷിക്കുന്നു/ ണല ജ്യീലേരേ) എന്നാണ്.1978ലാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് നിലവിൽ വരുന്നത്. പാർലമെന്റ് പാസാക്കിയ കോസ്റ്റ്ഗാർഡ് ആക്ട് 1978 പ്രകാരമാണ് ഈ സേന രാജ്യത്തെ സ്വതന്ത്ര സായുധ സേനയായി നിലനിൽക്കുന്നത്. കേന്ദ്ര പ്രതിരോധമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന തീര സുരക്ഷാ സേന ഇന്ത്യൻ നേവി, ഫിഷറീസ് വകുപ്പ്, റവന്യൂ / കസ്റ്റംസ് വകുപ്പുകൾ കേന്ദ്ര/സംസ്ഥാന പൊലീസ് സേനാവിഭാഗങ്ങൾ എന്നിവയുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്.ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ മേധാവി ഡയറക്ടർ ജനറൽ ഓഫ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് ആണ്..

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com